2025 OCTOBER
25
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഫെഡറൽ ബാങ്ക് വീണ്ടും ഓഹരി വിൽപനയ്ക്ക്; 6,200 കോടി സമാഹരിക്കും

**കൊച്ചി:** കേരളം ആസ്ഥാനമായ ഫെഡറൽ ബാങ്ക് യുഎസ് ആസ്ഥാനമായ സ്വകാര്യ ഇക്വിറ്റി സ്ഥാപനമായ ബ്ലാക്ക്സ്റ്റോണിന് നിശ്ചിത ഓഹരികൾ കൈമാറി 6,200 കോടി രൂപ സമാഹരിക്കും. മുൻഗണനാ അടിസ്ഥാനത്തിലുള്ള (പ്രിഫറൻഷ്യൽ ഇഷ്യൂ) ഓഹരിവിൽപന വഴിയായിരിക്കും ഇടപാട്. ബ്ലാക്ക്സ്റ്റോണിന് കീഴിലുള്ള സ്ഥാപനത്തിന് 9.99% ഓഹരികൾ കൈമാറി 6,196.5 കോടി രൂപയാണ് സമാഹരിക്കുകയെന്ന് സ്റ്റോക്ക് എക്സ്ചേഞ്ചുകൾക്ക് സമർപ്പിച്ച റിപ്പോർട്ടിൽ ഫെഡറൽ ബാങ്ക് വ്യക്തമാക്കി.

പുതിയ ഓഹരികൾ സൃഷ്ടിച്ച് മുൻഗണനാ അടിസ്ഥാനത്തിൽ യോഗ്യരായ നിക്ഷേപകർക്ക് നൽകുന്നതാണ് പ്രിഫറൻഷ്യൽ ഓഹരി വിൽപന. പിന്നീട് ഓഹരികളാക്കി മാറ്റാവുന്ന വാറന്റുകളാണ് പ്രിഫറൻഷ്യൽ ഇഷ്യൂ വഴി കൈമാറുക. 27.3 കോടി വാറന്റുകളുണ്ടാകും. രണ്ടുരൂപ മുഖവിലയുള്ള ഓഹരിക്ക് 225 പ്രീമിയവും ചേർത്ത് 227 രൂപയ്ക്ക് വീതമായിരിക്കും ഇടപാട്. വാറന്റ് പിന്നീട് ഓഹരിയാക്കി മാറ്റുമ്പോൾ ഈ കമ്പനിക്ക് ഫെഡറൽ ബാങ്കിൽ 9.99% ഓഹരി പങ്കാളിത്തം ലഭിക്കും.

പ്രിഫറൻഷ്യൽ ഇഷ്യൂവിന് ബോർഡ് ഓഫ് ഡയറക്ടേഴ്സ് അനുമതി നൽകിയെന്ന് ഇന്നലെയാണ് സ്റ്റോക്ക് എക്സ്ചേഞ്ചുകളെ ബാങ്ക് അറിയിച്ചത്. വാറന്റുകളെല്ലാം ഓഹരിയാക്കിയ ശേഷം ബാങ്കിന്റെ ഡയറക്ടർ ബോർഡിൽ ഒരു നോൺ-എക്സിക്യൂട്ടീവ് അംഗത്തെ നാമനിർദേശം ചെയ്യാനുള്ള അനുമതിയും ബ്ലാക്ക്സ്റ്റോണിന് ഫെഡറൽ ബാങ്ക് നൽകും. ഇതിനായി മിനിമം 5% ഓഹരി പങ്കാളിത്തം കമ്പനി ബാങ്കിൽ നിലനിർത്തണം. അതേസമയം, ഓഹരി ഉടമകളുടെ അനുമതിക്കും മറ്റ് ചട്ടങ്ങൾക്കും അനുസൃതമായി മാത്രമായിരിക്കും നിയമനം.

പ്രിഫറൻഷ്യൽ ഇഷ്യൂവിനുള്ള അനുമതി ഉറപ്പാക്കാൻ നവംബർ 19ന് അസാധാരണ പൊതുയോഗം (ഇജിഎം) ബാങ്ക് വിളിച്ചിട്ടുണ്ട്. ഫെഡറൽ ബാങ്കിന്റെ ഓഹരികൾ ഇന്നലത്തെ വ്യാപാരം ഉച്ചയ്ക്കത്തെ സെഷനിലേക്ക് കടക്കുന്നതിന് മുൻപായി എൻഎസ്ഇയിലുള്ളത് 0.30% ഉയർന്ന് 228.54 രൂപയിലാണ്. ഒരുഘട്ടത്തിൽ ഇന്നു വില കഴിഞ്ഞ ഒരുവർഷത്തെ ഏറ്റവും ഉയരമായ 232.20 രൂപവരെ ഉയർന്നിരുന്നു. 56,357 കോടി രൂപയാണ് ഇപ്പോൾ ബാങ്കിന്റെ വിപണിമൂല്യം. ഇതും റെക്കോർഡാണ്.

പുതുതായി ഫണ്ട് സമാഹരിക്കുന്നത് വഴി ഫെഡറൽ ബാങ്കിന് മൂലധന അടിത്തറ ശക്തമാക്കാനും ഭാവി വളർച്ചാസാധ്യതകൾ കൂടുതൽ മികച്ചതാക്കാനും കഴിയും. നിലവിലെ മൂലധന പര്യാപ്തതാ അനുപാതം (സിആർഎആർ) കൂടുതൽ മെച്ചപ്പെടുന്നതും കരുത്താകും. നിലവിൽ ഇത് 15.71 ശതമാനമാണ്. ഇത് 9 ശതമാനത്തിൽ കുറയാതെ നിലനിർത്തണമെന്നാണ് റിസർവ് ബാഹ്കിന്റെ ചട്ടം. സെപ്റ്റംബർ പാദം കണക്കുപ്രകാരം 5.3 ലക്ഷം കോടി രൂപയിൽ പ്പരമാണ് ഫെഡറൽ ബാങ്കിന്റെ മൊത്തം ബിസിനസ്.

# പരസ്യ ഇതിഹാസം പീയൂഷ് പാണ്ഡെ അന്തരിച്ചു



**ന്യൂദൽഹി:** പരസ്യരംഗത്തെ ഇതിഹാസമെന്നറയിപ്പെട്ടിരുന്ന പീയൂഷ് പാണ്ഡെ (70) അന്തരിച്ചു. അണുബാധയെ തുടർന്ന് ചികിൽസയിലിരിക്കെയായിരുന്നു അന്ത്യം. സംസ്ക്കാരം ഇന്ന് നടക്കും.

നാല് പതിറ്റാണ്ടോളം പരസ്യ മേഖലയിൽ പ്രവർത്തിച്ചിരുന്ന പീയുഷ് പാണ്ഡെ, ഒഗിൾവി ഇന്ത്യയുടെ വേൾഡ് വൈഡ് ചീഫ് ക്രിയേറ്റീവ് ഓഫീസറും എക്സിക്യൂട്ടീവ് ചെയർമാനുമായിരുന്നു. ഇന്ത്യൻ പരസ്യരംഗത്തിന്റെ മുഖച്ഛായ തന്നെ മാറ്റി മറിച്ച വ്യക്തിയായിരുന്നു പീയുഷ് പാണ്ഡെ. 1982ലാണ് പാണ്ഡെ ഒഗിൾവിയിൽ ചേർന്നത് തുടർന്ന് സൺലൈറ്റ് ഡിറ്റർജന്റിന് വേണ്ടി ആദ്യ പരസ്യം രചിച്ചു. ആറ് വർഷത്തിന് ശേഷം, കമ്പനിയുടെ ക്രിയേറ്റീവ് വിഭാഗത്തിൽ ചേർന്ന അദ്ദേഹം ഫെവിക്കോൾ, കാഡ്ബറി, ഏഷ്യൻ പെയിന്റ്സ്, ലൂണ മോപെഡ്, ഫോർച്യൂൺ ഓയിൽ, ഉൾപ്പെടെ നിരവധി ബ്രാൻഡുകൾക്ക് ശ്രദ്ധേയമായ പരസ്യങ്ങൾ സൃഷ്ടിച്ചു. 2016 ൽ പത്മശ്രീ ഉൾപ്പെടെ നിരവധി പുരസ്ക്കാരങ്ങൾ പാണ്ഡെ നേടിയിട്ടുണ്ട്. 2013-ൽ ജോൺ എബ്രഹാം അഭിനയിച്ച 'മദ്രാസ് കഫേ' യിലും ഐസിഐസിഐ ബാങ്കിന്റെ മാർക്കറ്റിംഗ് ക്യാംപയിനായ മാജിക് പെൻസിൽ പ്രോജക്റ്റ് വീഡിയോസിലൂടെയും പാണ്ഡെ അഭിനയ രംഗത്തേക്ക് കടന്നു വന്നു.

മിലേ സുർ മേരാ തുമാര എന്ന എറെ ശ്രദ്ധേയമായ ഗാനം രചിച്ചത് പീയുഷ് പാണ്ഡെയായിരുന്നു. 'ഭോപ്പാൽ എക്സ്പ്രസ്' എന്ന സിനിമയുടെ തിരക്കഥയും പീയുഷ പാണ്ഡെ രചിച്ചിരുന്നു. പിയൂഷ് പാണ്ഡെയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ധനമന്ത്രി നിർമ്മലാ സീതാരമാനും അനുശോചിച്ചു. പീയുഷ് പാണ്ഡേയുടെ നിര്യാണം പരസ്യ ലോകത്തിന് വലിയ നഷ്ടമാണെന്ന് പ്രധാനമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു. പരസ്യ വാർത്താവിനിമയ ലോകത്തിന് അദ്ദേഹം മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ടെന്നും, അദ്ദേഹത്തിന്റെ വിയോഗത്തിൽ ദുഃഖമുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി സോഷ്യൽ മീഡിയയിൽ പങ്കുവച്ച കുറിപ്പിൽ വ്യക്തമാക്കി. ഇന്ത്യൻ പരസ്യമേഖലയ്ക്ക് പുതിയ രൂപവും ഭാവവും പകർന്ന കലാകാരനായിരുന്നു പീയുഷ് പാണ്ഡെയെന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

(പേജ് 4 കാണുക)

# പ്രതിരോധ സംവിധാനങ്ങൾക്ക് കൂടുതൽ കരുത്ത്; 79,000 കോടിയുടെ ആയുധങ്ങൾ വാങ്ങാൻ അംഗീകാരം

**ന്യൂദൽഹി:** രാജ്യത്തിന്റെ പ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനായി 79,000 കോടി രൂപയുടെ ആയുധങ്ങളും സൈനിക ഉപകരണങ്ങളും വാങ്ങുന്നതിനായി പ്രതിരോധ മന്ത്രാലയം അംഗീകാരം നൽകി. ടാങ്ക് വേധ നാഗ് മിസൈലുകൾ ഉൾപ്പെടെ 79,000 കോടി രൂപയുടെ ആയുധങ്ങളും മറ്റു സംവിധാനങ്ങളും വാങ്ങുന്നതിനാണ് പ്രതിരോധ മന്ത്രാലയയത്തിന്റെ അനുമതി. പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിൽ ചേർന്ന ഡിഫൻസ് അക്വിസിഷൻ കൗൺസിലാണ് (ഡിഎസി) വിവിധ ശുപാർശകൾക്ക് അനുമതി നൽകിയത്.

നാഗ് മിസൈൽ സംവിധാനം, ഗ്രൗണ്ട് ബേസ്ഡ് മൊബൈൽ ഇലിന്റ് സിസ്റ്റങ്ങൾ, ഹൈ മൊബിലിറ്റി വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ഡിഎസി അംഗീകാരം നൽകി. യുദ്ധക്കപ്പലുകൾ, ഇലക്ട്രോണിക് ഇന്റലിജൻസ്, നിരീക്ഷണ സംവിധാനങ്ങൾ എന്നിവയുൾപ്പെടെ പ്രതിരോധ സംവിധാന പട്ടികയിൽ ഉൾപ്പെടുന്നു.

ഓപ്പറേഷൻ സിന്ദൂറിനു പിന്നാലെ ഡിഎസി അനുമതി നൽകുന്ന ഏറ്റവും വലിയ പദ്ധതിയാണിത്. ഓഗസ്റ്റ് 5നു 67,000 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിരുന്നു. അനുമതി ലഭിച്ചവ:

- **കരസേന:** നാഗ് മിസൈൽ സംവിധാനം, ഗ്രൗണ്ട് ബേസ്ഡ് മൊബൈൽ എലിന്റ് സിസ്റ്റം, ക്രെയിൻ സംവിധാനങ്ങളോടു കൂടിയ ഹൈ മൊബിലിറ്റി വെഹിക്കിൾ.
- **നാവികസേന:** ലാൻഡിങ് പ്ലാറ്റ്ഫോം ഡോക്ക്, 30 എംഎം നേവൽ സർഫേസ് ഗൺ, അഡ്വാൻസ്ഡ് ലൈറ്റ് വെയ്റ്റ് ടോർപിഡോസ്, ഇലക്ട്രോ ഒപ്റ്റിക്കൽ ഇൻഫ്രാറെഡ് സേർച് ആൻഡ് ട്രാക്ക് സിസ്റ്റം, 76 എംഎം സൂപ്പർ റാപ്പിഡ് ഗൺ മൗണ്ടുകൾക്ക് ആവശ്യമായ വെടിക്കോപ്പുകൾ.
- **വ്യോമസേന:** ലോങ് റേഞ്ച് ടാർഗറ്റ് സാച്ചുറേഷൻ/ഡിസ്ട്രക്ഷൻ സിസ്റ്റം (സിഎൽആർടിഎസ്/ഡിഎസ്).

## റഷ്യയ്ക്ക് ഇരട്ട പ്രഹരം

# ഇന്ത്യയ്ക്ക് പിന്നാലെ ചൈനയും കൈവിട്ടു

**ന്യൂയോർക്ക്:** യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് തൊടുത്ത ഉപരോധത്തിൽ ആകെ ഉലഞ്ഞ് റഷ്യ. ഉപരോധ പശ്ചാത്തലത്തിൽ ഇന്ത്യയ്ക്ക് പിന്നാലെ ചൈനീസ് കമ്പനികളും റഷ്യൻ എണ്ണ ഇറക്കുമതി ചെയ്യുന്നത് തൽക്കാലത്തേക്ക് നിർത്തി. ചൈനയുടെ പൊതുമേഖലാ എണ്ണക്കമ്പനികളായ സിനോപെക്, പെട്രോചൈന, സിനൂക്, ഷെൻഹുവ ഓയിൽ എന്നിവയാണ് റഷ്യയുമായുള്ള ഹ്രസ്വകാല കരാറിൽ നിന്ന് പിൻവാങ്ങിയത്.

പ്രതിദിനം ശരാശരി 16 ലക്ഷം ബാരൽ വീതം റഷ്യൻ എണ്ണയാണ് ഇന്ത്യ വാങ്ങിയിരുന്നത്. 2025ന്റെ ആദ്യ 9 മാസം കണക്കിലെടുത്താൽ പ്രതിദിന ശരാശരി 19 ലക്ഷം ബാരൽ. ചൈനീസ് കമ്പനികൾ കടൽവഴി മാത്രം പ്രതിദിനം 14 ലക്ഷം ബാരൽവീതം എണ്ണ റഷ്യയിൽ നിന്ന് വാങ്ങിയിരുന്നു. നിലവിൽ റഷ്യൻ എണ്ണയുടെ ഏറ്റവും വലിയ ഇറക്കുമതിക്കാരായ ചൈനയും ഇന്ത്യയും കൈവിടുന്നത് പുട്ടിന് കനത്ത ആഘാതമാകും. റഷ്യയിലെ വമ്പൻ എണ്ണക്കമ്പനികളായ റോസ്നെഫ്റ്റ്, ലൂക്കോയിൽ എന്നിവയ്ക്കും ഇവയുടെ ഉപസ്ഥാപനങ്ങൾക്കുമാണ് അമേരിക്കയുടെ ഉപരോധം.

യുഎസിന്റെ ഉപരോധ പ്രഖ്യാപനം സീരിയസ് ആണെന്നും ആഘാതം കടുത്തതായിരിക്കുമെന്നും സമ്മതിച്ച റഷ്യൻ പ്രസിഡന്റ് പുട്ടിൻ പക്ഷേ, സമ്പദ്‌വ്യവസ്ഥയെ ബാധിക്കാൻ മാത്രം ശക്തി അതിനില്ലെന്ന് വ്യക്തമാക്കി. മെച്ചപ്പെടുകയായിരുന്ന യുഎസ്-റഷ്യ ബന്ധത്തിനാണ് ഉപരോധം വഴി ട്രംപ് തടയിട്ടത്. ഇതു ശത്രുതാപരമായ നീക്കമാണെന്നും പുട്ടിൻ പറഞ്ഞു. യുക്രെയ്ൻ-റഷ്യ യുദ്ധം അവസാനിപ്പിക്കാനുള്ള നയതന്ത്ര ശ്രമങ്ങളെ തകർക്കുന്നതാണ് യുഎസ് ഉപരോധമെന്ന് റഷ്യൻ വിദേശകാര്യ മന്ത്രാലയ വക്താവ് മരിയ സഖറോവയും പ്രതികരിച്ചു. ഉപരോധം ബാധിക്കാതിരിക്കാനുള്ള പ്രതിരോധശക്തി റഷ്യയ്ക്കുണ്ടെന്നും മരിയ പറഞ്ഞു.

ഇന്ത്യയിലേക്ക് ഏറ്റവുമധികം റഷ്യൻ എണ്ണ ഇറക്കുമതി ചെയ്തിരുന്ന റിലയൻസ് ഇൻഡസ്ട്രീസ്, ഇറക്കുമതി തൽക്കാലം നിർത്തിവയ്ക്കുന്നതായി വ്യക്തമാക്കിയിരുന്നു. റഷ്യൻ കമ്പനിയായ റോസ്നെഫ്റ്റിൽ നിന്ന് പ്രതിദിനം 5 ലക്ഷം ബാരൽ വീതം എണ്ണ വാങ്ങാമെന്ന കരാറിൽ നിന്നും റിലയൻസിന് പിന്മാറേണ്ടിവരും. ഇന്ത്യയുടെ പൊതുമേഖലാ എണ്ണക്കമ്പനികളായ ഇന്ത്യൻ ഓയിൽ, ബിപിസിഎൽ, എച്ച്പിസിഎൽ, മാംഗ്ലൂർ റിഫൈനറി തുടങ്ങിയവയും റഷ്യയുമായി നേരിട്ടുള്ള ഇടപാട് നിർത്തി.

# വികസന നേട്ടങ്ങൾ വിശദമാക്കി രായമംഗലം ഗ്രാമപഞ്ചായത്ത് വികസന സദസ്സ്

**കൊച്ചി:** കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ നടന്ന വികസന നേട്ടങ്ങൾ വിശദീകരിച്ച് രായമംഗലം ഗ്രാമപഞ്ചായത്ത് വികസന സദസ്സ് നടന്നു. കുറുപ്പംപടി കമ്മ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങ് മുൻ മന്ത്രി സി രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ അഞ്ച് വർഷത്തെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ അടങ്ങിയ വികസന രേഖയുടെ പ്രകാശനവും വിജ്ഞാന കേരളത്തിന്റെയും തൊഴിൽമേളയുടെയും ഉദ്ഘാടനവും നടന്നു.

പഞ്ചായത്ത് പ്രസിഡന്റ് എൻ പി അജയകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ റിസോഴ്സ് പേഴ്സൺ വിജയ കുമാർ സംസ്ഥാനതല വികസന റിപ്പോർട്ടും പഞ്ചായത്ത് സെക്രട്ടറി ഷാനിയ എസ് ക്രിസ്റ്റി പഞ്ചായത്തിന്റെ വികസന റിപ്പോർട്ടും അവതരിപ്പിച്ചു. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 14.5 1 കോടി ചിലവഴിച്ച് 259 കുടുംബങ്ങൾക്ക് വീട് വെച്ച് നൽകാൻ സാധിച്ചു. 82 കുടുംബങ്ങൾക്ക് വീടും സ്ഥലവും ലഭ്യമാക്കി. 495 വീടുകൾ വാസയോഗ്യമാക്കി. 3.62 കോടി രൂപ ചിലവഴിച്ച് പഞ്ചായത്തിലെ മുഴുവൻ അങ്കണവാടികളും സ്മാർട്ട് ആക്കി മാറ്റാൻ സാധിച്ചു.

വിദ്യാഭ്യാസ രംഗത്ത് 1.19 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായി 7.71 കോടി രൂപ പഞ്ചായത്ത് ചിലവഴിച്ചു. ഭിന്നശേഷി വിഭാഗത്തിന്റെ ക്ഷേമത്തിനായി 1.97 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടത്തി.

വയോജനങ്ങൾക്കായി 1.7 0 കോടി രൂപയുടെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കി. വനിതകളുടെ ക്ഷേമത്തിനും സംരംഭങ്ങൾ തുടങ്ങുന്നതിനുമായി 2.40 കോടി രൂപ പഞ്ചായത്ത് ചിലവഴിച്ചു. ഫുഡ് പ്രോസസിംഗ് യൂണിറ്റ്,പുതിയ സംരംഭ കേന്ദ്രം, അമൃതം യൂണിറ്റിന് പുതിയ കെട്ടിടം, വനിതാ കേന്ദ്രം തുടങ്ങിയ പദ്ധതികളാണ് വനിതകൾക്കായി നടപ്പിലാക്കിയത്.

ജില്ലയിലെ മികച്ച സിഡിഎസിനുള്ള അവാർഡും, മാലിന്യമുക്ത നവ കേരള കാമ്പയിനിൽ ജില്ലയിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കാൻ പഞ്ചായത്തിന് സാധിച്ചു.

ആരോഗ്യരംഗത്തെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 5.2 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിൽ ജില്ലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ പഞ്ചായത്തിന് സാധിച്ചു. പഞ്ചായത്തിലെ അഞ്ച് ജനകീയ ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും മികച്ചതാണ്. പുല്ലുവഴി,കീഴില്ലം സെന്ററുകൾക്ക് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ പുരസ്കാരം ലഭിക്കുകയുണ്ടായി.

പാലിയേറ്റീവ് കെയറിനും ഡയാലിസിസിനുമായി 46.6 4 ലക്ഷം രൂപ ചിലവഴിച്ചു. മാലിന്യനിർമാർജന പ്രവർത്തനങ്ങൾക്കായി 1.6 9 കോടി രൂപയാണ് ചിലവഴിച്ചത്. കാർഷിക രംഗത്തും മികച്ച പ്രവർത്തനങ്ങളാണ് പഞ്ചായത്ത് കാഴ്ചവച്ചിട്ടുള്ളത്. 2.69 കോടി രൂപയുടെ പദ്ധതികളാണ് കാർഷിക വികസനത്തിനായി നടപ്പാക്കിയത്. തോടുകൾ ചിറ എന്നിവയുടെ നവീകരണത്തിനായി 1.63 കോടി രൂപ ചിലവഴിച്ചു. റോഡ് നവീകരണത്തിനായി 28.97 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി. 71 പുതിയ റോഡുകൾ നിർമ്മിച്ചു.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് ദീപ ജോയ്, പഞ്ചായത്ത് സ്ഥിരം സമിതി അംഗങ്ങൾ, പഞ്ചായത്ത് അംഗങ്ങൾ, ഹരിത കർമ്മ സേന അംഗങ്ങൾ, സി ഡി എസ് പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, വിവിധ കക്ഷിരാഷ്ട്രീയ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിന്റെ ഭാഗമായി.

# അഞ്ചുവർഷത്തെ നേട്ടങ്ങളുമായി അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

**കൊച്ചി:** അയ്യമ്പുഴ സെന്റ് മേരീസ് പള്ളി പാരിഷ് ഹാളിൽ നടന്ന ചടങ്ങിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വിധു എ മേനോൻ നിർവഹിച്ചു.

അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി യു ജോമോൻ അധ്യക്ഷനായ ചടങ്ങിൽ താലൂക്ക് ലൈബ്രറി കൗൺസിൽ മുൻ ജോയിന്റ് സെക്രട്ടറി കെ.പി റെജീഷ് വികസനരേഖ പ്രകാശനം ചെയ്തു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ.എൻ സുനിൽ ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് അവതരിപ്പിച്ചു.

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിനുള്ളിൽ ആരോഗ്യം, വിദ്യാഭ്യാസം, മാലിന്യ സംസ്കരണം, സാംസ്കാരികം, തുടങ്ങി വ്യത്യസ്തങ്ങളായ മേഖലകളിൽ വികസനം നടത്താൻ പഞ്ചായത്തിന് സാധിച്ചു.

അയ്യമ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിന് നാഷണൽ ക്വാളിറ്റി അഷുറൻസിന് അർഹരാകാൻ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചു. അത്യാധുനിക സൗകര്യങ്ങളോടെയുള്ള ലാബ്, ഫിസിയോതെറാപ്പിക് സെന്റർ എന്നിവയാണ് ഈ മേഖലയിലെ നേട്ടത്തിന് കാരണം. ആരോഗ്യരംഗത്ത് 2 കോടി 68 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ളത്.

ശവസംസ്കാരം നടത്താൻ സ്വന്തമായി ഭൂമിയില്ലാത്ത ആളുകൾക്ക് ക്രമറ്റോറിയം നിർമ്മിച്ച് നൽകാൻ പഞ്ചായത്തിന് സാധിച്ചു. മാലിന്യ സംസ്കരണത്തിനായി തനത് ഫണ്ടിൽ നിന്നും രൂപ ചെലവഴിച്ച് സ്വന്തമായി സ്ഥലം വാങ്ങി എം സി എഫ് സ്ഥാപിച്ചു.പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം അന്തിമഘട്ടത്തിൽ ആണ്.

കാർഷിക ആവശ്യങ്ങൾക്കായി 1 കോടി 97 ലക്ഷം രൂപ ചെലവഴിച്ചു. വന്യജീവി ആക്രമണ പരിഹാര പദ്ധതി, ജലസേചന മോട്ടോർ പമ്പ് വിതരണം, ഫലവൃക്ഷ തൈ വിതരണം, പച്ചക്കറി തൈവിതരണം, കൃഷി ഓഫീസ് ഉപകരണങ്ങൾ തുടങ്ങി നിരവധി പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിൽ 96 കുടുംബങ്ങൾക്കും എസ്.സി വിഭാഗത്തിൽ 52 കുടുംബങ്ങൾക്കും വീട് നിർമ്മിച്ചു നൽകാൻ സാധിച്ചു. ലൈഫ് ഭവനപദ്ധതിയിൽ ഭൂമി ഇല്ലാത്ത 28 പേർക്ക് ഭൂമിവാങ്ങൻ സാമ്പത്തിക സഹായം ചെയ്യാൻ പഞ്ചായത്തിന് സാധിച്ചു.

വിദ്യാഭ്യാസ രംഗത്ത് 47 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ചുള്ളി ജി.എൽ.പി.എസ് സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി 1 കോടി 57 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

30 ലക്ഷം രൂപ ചെലവഴിച്ച് പഞ്ചായത്തിൽ രണ്ട് പുതിയ അങ്കണവാടികൾ കൂടി നിർമ്മിച്ചതായും അങ്കണവാടി നവീകരണത്തിനായി 33 ലക്ഷം രൂപ ചെലവഴിച്ചു. വിവിധ റോഡുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 1 കോടി 97 ലക്ഷം രൂപ ചിലവഴിച്ചു.

വിവിധ ക്ഷേമ പെൻഷനുകളും, വാർദ്ധക്യ പെൻഷനുകളും കൃത്യമായി ലഭ്യമാക്കാൻ സാധിക്കുന്നു. തൊഴിലുറപ്പ് മേഖലയിലും വലിയ രീതിയിലുള്ള പുരോഗതി കൈവരിക്കാൻ പഞ്ചായത്തിന്കഴിഞ്ഞു.

# എളങ്കുന്നപ്പുഴ സ്കൂളിൽ വർണക്കൂടാരം – സ്ട്രീം ഇക്കോസിസ്റ്റം പദ്ധതികൾക്ക് തുടക്കമായി

**കൊച്ചി:** എളങ്കുന്നപ്പുഴ ഗവ. ന്യൂ എൽ.പി സ്കൂളിൽ വർണക്കൂടാരം പദ്ധതിക്കും ഹയർ സെക്കൻഡറി സ്കൂളിൽ സ്ട്രീം ഇക്കോ സിസ്റ്റം പദ്ധതിക്കും തുടക്കമായി. സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ കെ.എൻ ഉണ്ണിക്കൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം നിർവഹിച്ചു. പ്രീപ്രൈമറി സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാൻ സമഗ്രശിക്ഷ കേരളം നടപ്പാക്കുന്ന സ്റ്റാർസിന്റെ (ടീച്ചിംഗ് ലേണിംഗ് ആന്റ് റിസൾട്ട്സ് ഫോർ സ്റ്റേറ്റ്സ്) പദ്ധതിയാണ് വർണകൂടാരമെന്ന് അദ്ദേഹം പറഞ്ഞു. ശിശുസൗഹൃദ ഫർണീച്ചറുകൾ, ഔട്ട്ഡോർ പ്ലേ മെറ്റീരിയൽസ്, ആകർഷക ചുവർ ചിത്രങ്ങൾ തുടങ്ങിയ കുട്ടികളുടെ ശാരീരിക മാനസിക വികാസത്തിന് വേണ്ട ഘടകങ്ങളെല്ലാം ഉൾക്കൊള്ളിച്ചാണ് വർണക്കൂടാരം തയാറാക്കിയിട്ടുള്ളത്. കുട്ടികളുടെ വികാസ മേഖലകളിൽ കഴിവ് ഉറപ്പാക്കാൻ പര്യാപ്തമായ 13 പ്രവർത്തന ഇടങ്ങളാണ് വർണക്കൂടാരം പദ്ധതിയിലുള്ളത്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ സഹകരണത്തോടെ പൊതുവിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് അടിത്തറ പാകുന്ന പദ്ധതിയാണ് സ്ട്രീം ഇക്കോസിസ്റ്റം. സമഗ്രശിക്ഷ കേരളം തന്നെയാണ് ഉന്നതവിദ്യാഭ്യാസ രംഗത്തെ മികച്ച സ്ഥാപനമായ കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയുമായി ചേർന്ന് ഈ പദ്ധതി നടപ്പിലാക്കുന്നത്. ശാസ്ത്രത്തിന്റെ നവനിർമാണത്തിന് പുതിയ തലമുറയെ ശാക്തീകരിക്കാനുതകുന്ന രാജ്യത്തെ ആദ്യ പദ്ധതിയായി സ്ട്രീം ഇക്കോസിസ്റ്റം മാറുമെന്നും കൂട്ടിച്ചേർത്തു.

## അഭിമുഖം

**കൊച്ചി:** എറണാകുളം ജില്ലയിലെ മഞ്ഞപ്ര, കറുകുറ്റി, ആയവന, കുട്ടമ്പുഴ, ഇടക്കാട്ടുവയൽ, ചോറ്റാനിക്കര, ആമ്പല്ലൂർ പഞ്ചായത്തുകളിലും ഏലൂർ, പറവൂർ, പിറവം, ആലുവ നഗരസഭകളിലും എസ് സി പ്രമോട്ടർമാരുടെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി ഇൻറർവ്യൂ നടത്തുന്നു. പതിനെട്ടിനും നാൽപതിനും മധ്യേ പ്രായമുള്ള പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് അഭിമുഖത്തിൽ പങ്കെടുക്കാം.

താൽപര്യമുള്ളവർ ജാതി, വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവയുടെ അസൽ, പകർപ്പ് എന്നിവ സഹിതം ഒക്ടോബർ 25 രാവിലെ 10. 30 ന് കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ഹാജരാകുക. 0484 2422256

## ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം

**കൊച്ചി:** എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസിലെ ജില്ലാ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി കരാർ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു.

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യതകളുടെ അസൽ രേഖകൾ സഹിതം ഒക്ടോബർ 23 രാവിലെ 11 ന് കാക്കനാട് സിവിൽ സ്റ്റേഷനിലുള്ള ജില്ലാ പ്ലാനിംഗ് ഓഫീസിൽ നേരിട്ട് ഹാജരാകണം. യോഗ്യത: പ്ലസ് ടൂ , മലയാളം ടൈപ്പിംഗ് (ലോവർ) & ഇംഗ്ലീഷ് ടൈപ്പിംഗ് (ഹയർ). കമ്പ്യൂട്ടർ വേർഡ് പ്രോസ്സസിംഗ്, ഗ്രാഫിക് ഡിസൈനിംഗ്, ലേ ഔട്ട്, ഫോട്ടോഷോപ്പ് എന്നിവയിലെ പ്രവൃത്തി പരിചയം അഭികാമ്യം. ഫോൺ: 0484 2422290.

## കേരള ടൂറിസം വിഷൻ 2031 സെമിനാർ ഇന്ന്

**കൊച്ചി:** വിഷൻ 2031 ന്റെ ഭാഗമായി കേരള ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഏകദിന ശിൽപശാല വിഷൻ 2031 ലോകം കൊതിക്കും കേരളം 25ന് ഇടുക്കി കുട്ടിക്കാനം മരിയൻ കോളേജിൽ നടക്കും.

ടൂറിസം മേഖലയിലെ അക്കാദമിക് വിദഗ്ധർ, വിദ്യാർത്ഥികൾ, വ്യവസായ പ്രതിനിധികൾ തുടങ്ങിയവരുടെ പങ്കാളിത്തത്തിൽ ടൂറിസത്തിന്റെ ഭാവിയെ രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്ന തന്ത്രപരമായ ലക്ഷ്യങ്ങൾ, പുതിയ അവസരങ്ങൾ, പുതുമയാർന്ന സമീപനങ്ങൾ എന്നിവ ശിൽപ ശാലയിൽ ചർച്ച ചെയ്യും.

കേരളത്തിന്റെ സാംസ്കാരികവും പ്രകൃതിദത്തവുമായ പൈതൃകത്തെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യം, ടൂറിസം മേഖലയുടെ ദീർഘകാല നിലനിൽപ്പ് ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം, സന്ദർശക അനുഭവം മെച്ചപ്പെടുത്തുന്നതിന് സാങ്കേതികവിദ്യയുടെ പ്രയോജനം തുടങ്ങിയ എട്ട് വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയ പ്രത്യേക സെഷനുകൾ സെമിനാറിന്റെ ഭാഗമായി നടക്കും.

സെമിനാറിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് കേരളത്തിന്റെ ഭാവി വിനോദ സഞ്ചാരമേഖലയെ രൂപപ്പെടുത്തുന്നതിനാവശ്യമായ നവ സങ്കൽപ്പങ്ങളും നൂതന ആശയങ്ങളും ക്രിയാത്മക നിർദ്ദേശങ്ങളും keralatourism.vision.2031@gmail.com മെയിൽ മുഖേന സമർപ്പിക്കാവുന്നതാണ്.

## വാഗ്മി 2025: ഭരണഘടന പ്രസംഗ മത്സരം നവംബർ 11ന്

**കൊച്ചി:** ഭരണഘടന ദിനാഘോഷത്തിന്റെ ഭാഗമായി നിയമ വകുപ്പ് സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ എയ്ഡഡ് കോളേജുകളിലെയും വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന വാഗ്മി 2025: ഭരണഘടന പ്രസംഗ മത്സരത്തിന്റെ മധ്യ മേഖല മത്സരം നവംബർ 11ന് എറണാകുളത്ത് നടക്കും.

രാവിലെ 9 30 ന് എറണാകുളം ഗവ ലോ കോളേജിൽ നടക്കുന്ന മത്സരം നിയമ സെക്രട്ടറി കെ. ജി സനിൽകുമാർ ഉദ്ഘാടനം ചെയ്യും.

## സൗജന്യ സോഫ്റ്റ് സ്കിൽ പരിശീലനം

**കൊച്ചി:** ജില്ലാ എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്കായി സൗജന്യ സോഫ്റ്റ് സ്കിൽ പരിശീലന ക്ലാസ്സ് സംഘടിപ്പിക്കുന്നു.

ഒക്ടോബർ 29, 30 & 31 ദിവസങ്ങളിൽ നോർത്ത് പവർ പറവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കോൺഫറൻസ് ഹാളിലാണ് പരിശീലന പരിപാടി നടക്കുന്നത്. ഫോൺ 6282442046, 9446926836, 04842422452.

# വനിതാ വിദ്യാഭ്യാസം സാമൂഹിക പരിവർത്തനത്തിന് അനിവാര്യം: രാഷ്ട്രപതി

## സെന്റ് തെരേസാസ് കോളജ് ശതാബ്ദി ലോഗോ ഗവർണർ രാഷ്ട്രപതിക്ക് നൽകി പ്രകാശനം ചെയ്തു




**കൊച്ചി:** വനിതാ വിദ്യാഭ്യാസം സാമൂഹിക പരിവർത്തനത്തിനും രാഷ്ട്ര നിർമ്മാണത്തിനുമുള്ള ഒരു മഹത്തായ സംഭാവനയാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. എറണാകുളം സെന്റ് തെരേസാസ് കോളേജിന്റെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. ആത്മീയ മൂല്യങ്ങളോടുള്ള ഉറച്ച പ്രതിബദ്ധതയോടെ, കോളേജ് ഇന്ത്യയിൽ വനിതാ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയാണ്. ഭരണഘടനാ നിർമാണസഭിലെ 15 അസാധാരണ വനിതകളിൽ മൂന്നു പേർ കേരളത്തിൽ നിന്നുള്ളവരായിരുന്നു. അമ്മു സ്വാമിനാഥൻ, ആനി മസ്ക്രീൻ, ദാക്ഷായണി വേലായുധൻ എന്നിവർ മൗലികാവകാശങ്ങൾ, സാമൂഹ്യ നീതി, ലിംഗസമത്വം എന്നിവയെക്കുറിച്ചുള്ള ചർച്ചകൾ നയിച്ചു.അമ്മു സ്വാമിനാഥൻ ഭരണഘടനാ നിർമ്മാണ സഭയിൽ നടത്തിയ പ്രസംഗം രാഷ്ട്രപതി ഉദ്ധരിച്ചു. ഇന്ത്യയിലെ ആദ്യത്തെ ഹൈക്കോടതി ജഡ്ജി ആയ വനിത ജസ്റ്റിസ് അന്ന ചാണ്ടി ആയിരുന്നു. 1956-ൽ അവർ കേരള ഹൈക്കോടതിയിൽ ജഡ്ജിയായി. 1989-ൽ ഇന്ത്യയുടെ സുപ്രീം കോടതിയിലെ ആദ്യത്തെ വനിതാ ജഡ്ജിയായി ചരിത്രം കുറിച്ചത് ജസ്റ്റിസ് എം. ഫാത്തിമാ ബീവി ആയിരുന്നുവെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി. സന്റ് തെരേസാസ് കോളേജിന്റെ ഔട്ട് റീച്ച് പ്രോഗ്രാമുകൾക്ക് വ്യാപകമായ അംഗീകാരങ്ങൾ ലഭിച്ചതിൽ സന്തുഷ്ടയാണ്. ദുർബലർക്ക് സേവനം നൽകുന്നതിലും ദുരിതാശ്വാസ ക്യാമ്പുകളിൽ നിസ്വാർത്ഥമായ സേവനങ്ങൾ നൽകുന്നതിലും വിദ്യാർത്ഥികൾ നടത്തുന്ന ഇടപെടൽ പ്രശംസനീയമാണ്. പ്രദേശത്തെ താലൂക്കുകളിലും ഗ്രാമപഞ്ചായത്തുകളിലും സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്ന കോളേജിന്റെ പദ്ധതികളായ റേഡിയോ കൊച്ചി 90 എഫ്എം, സ്ലേറ്റ് എന്നിവ സമൂഹത്തിനു നൽകുന്ന സേവനം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്ന് രാഷ്ട്രപതി പറഞ്ഞു. സിവിൽ സർവീസസ്, നയതന്ത്രം, ശാസ്ത്ര സാങ്കേതിക വിദ്യ, വിദ്യാഭ്യാസം, വ്യോമയാനം, ബിസിനസ് സംരംഭങ്ങൾ, വൈദ്യശാസ്ത്ര, നിയമ മേഖലകൾ, സാമൂഹിക സേവനം ഉൾപ്പെടെ നിരവധി മേഖലകളിൽ രാജ്യത്തെ സേവിക്കുന്ന പ്രഗത്ഭരായ പൂർവ്വ വിദ്യാർത്ഥിനികൾ സെന്റ് തെരേസാസ് കോളേജിനുണ്ടെന്നറിഞ്ഞതിൽ സന്തോഷമുണ്ട്.' കോളേജിലെ വിദ്യാർത്ഥികളായ യുവതികൾ ഉജ്ജ്വലവും ആത്മവിശ്വാസവുമുള്ള ഇന്ത്യയുടെ പ്രതിനിധികളാണെന്നും രാഷ്ട്രപതി പറഞ്ഞു. കേന്ദ്ര പെട്രോളിയം വകുപ്പ് സഹമന്ത്രി സുരേഷ് ഗോപി, കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മന്ത്രി പി രാജീവ്, മന്ത്രി വി എൻ വാസവൻ, ഹൈബി ഈഡൻ എം പി, ടി ജെ വിനോദ് എം എൽ എ, വരാപ്പുഴ അതിരൂപത സഹായ മെത്രാൻ റവ. ഡോ. ആന്റണി വാലുങ്കൽ, സെന്റ് തെരേസാസ് കോളജ് പ്രിൻസിപ്പൽ ഡോ. അനു ജോസഫ് എന്നിവർ പങ്കെടുത്തു.ചടങ്ങിൽ കോളേജിന്റെ ശതാബ്ദി ലോഗോ ഗവർണർ രാഷ്ട്രപതിക്കു നൽകി പ്രകാശനം ചെയ്തു. ചടങ്ങിന് മുന്നോടിയായി 30 വിദ്യാർത്ഥികൾക്കും 40 ഫാക്കൽറ്റി അംഗങ്ങൾക്കുമൊപ്പം രാഷ്ട്രപതി ഗ്രൂപ്പ് ഫോട്ടോ സെഷനിലും പങ്കെടുത്തു.

# തേവര പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ തിരുനാൾ 28 ചൊവ്വാഴ്ച വരെ

**കൊച്ചി:** തേവര പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ തിരുനാൾ 28 ചൊവ്വാഴ്ച വരെ. കൊച്ചി. തേവര സെന്റ് ജോസഫ് ആന്റ് സെന്റ് ജൂഡ് പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ രക്തസാക്ഷിത്വ തിരുനാൾ 28 ചൊവ്വാഴ്ച അവസാനിക്കും. തിരുനാൾ ആരംഭിക്കുന്ന 24ആം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 45ന് പ്രസുദേന്തി വാഴ്ച തുടർന്ന് തിരുനാൾ കൊടി കയറ്റത്തിനും ദിവ്യബലിക്കും വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കൽ മുഖ്യകാർമികത്വം വഹിക്കും ഫാ. ആൻഡ്രൂസ് പുത്തൻപുരക്കൽ വചനപ്രഘോഷണം നടത്തും. 25 ശനി വൈകുന്നേരം 5 30ന് ദിവ്യബലിക്ക് ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കപ്പറമ്പിൽ മുഖ്യകർമികനും ഫാ. ആന്റണി സിജൻ മണുവേലിപ്പറമ്പിൽ വചനപ്രോഘോഷകനും 26 ഞായർ വൈകുന്നേരം 5:30ന് ദിവ്യബലിക്ക് ഫാ.ടൈറ്റസ് ആന്റണി കുരിശുവീട്ടിൽ മുഖ്യകാർമികനും ഫാ.വിൻസെന്റ് വാര്യത്ത് വചനപ്രഘോഷകനും തുടർന്ന് പ്രദക്ഷിണം. 27 തിങ്കൾ വൈകുന്നേരം 5.30ന് ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത ചാൻസലർ ഫാ. എബിജിൻ അറക്കൽ മുഖ്യ കാർമികനും ഫാ. ലാസർ സിന്റോ തൈപ്പറമ്പിൽ വചനപ്രഘോഷകനും ആയിരിക്കും. തിരുനാൾ സമാപന ദിവസമായ 28 ചൊവ്വാഴ്ച രാവിലെ 5 45 ന് നൊവേന തുടർന്ന് 6നും 7നും ദിവ്യബലി, നൊവേന, ആരാധന.10 30ന് ദിവ്യബലിക്ക് ഫാ.ടിജോ തോമസ് കോലത്തും വീട്ടിൽ മുഖ്യകാർമ്മികനും വൈകുന്നേരം 5 30ന് ആഘോഷമായ തിരുനാൾ ദിവ്യബലിക്ക് കോട്ടപ്പുറം മെത്രാൻ ഡോ. അംബ്രോസ് പുത്തൻവീട്ടിൽ മുഖ്യകാർമ്മികനും ഫാ.സ്റ്റാൻലി മാതിരപ്പിള്ളി വചനപ്രഘോഷകനും ആയിരിക്കും.

## സംസ്കൃത സർവകലാശാലയിൽ പി.ജി. ഡിപ്ലോമ ഇൻ ട്രാൻസ്‌ലേഷൻ സ്റ്റഡീസ് ആരംഭിക്കും

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ പി.ജി. ഡിപ്ലോമ ഇൻ ട്രാൻസ്‌ലേഷൻ സ്റ്റഡീസ് പ്രോഗ്രാം ആരംഭിക്കുവാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. വിവർത്തന പഠന കേന്ദ്രത്തിന് കീഴിൽ ആരംഭിക്കുവാനാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. പിഎച്ച്. ഡി. കോഴ്സിന്റെ സുഗമമായ പ്രവർത്തനത്തിന് റിസർച്ച് ഡയറക്ടറേറ്റ് രൂപീകരിക്കും. പുതുതായി പ്രാബല്യത്തിൽ വന്ന മൂന്ന് ക്രിമിനൽ നിയമങ്ങൾ സർവ്വകലാശാലയുടെ അക്കാദമിക് കരിക്കുലത്തിൽ ഉൾപ്പെടുത്തും. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ നാച്ചുറൽ ഹസാർഡ്സ് ആൻഡ് സിസാസ്റ്റർ മാനേജ്മെന്റ് ഓൺലൈൻ കോഴ്സായി ആരംഭിക്കുന്നതിന് തീരുമാനിച്ചു.

### പുന:സംഘടിപ്പിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് സ്ഥിരം സമിതികൾ പുന:സംഘടിപ്പിച്ചു. അഡ്വ. കെ. എസ്. അരുൺകുമാർ (സ്റ്റാഫ് ആന്റ് ലീഗൽ), പ്രൊഫ. (ഡോ) മാത്യൂസ് ടി. തെള്ളി (ലൈബ്രറി), അഡ്വ. കെ. പ്രേംകുമാർ എം.എൽ.എ. (ഫിനാൻസ്, അക്കൗണ്ട്സ് ആൻഡ് ഓഡിറ്റ്), ഡോ. ടി. മിനി (സ്റ്റുഡന്റ്സ് വെൽഫെയർ), ഡോ. എം. സത്യൻ (അക്കാദമിക് ആൻഡ് റിസർച്ച്), ആർ. അജയൻ (പ്ലാനിംഗ് ആൻഡ് ഡെവലപ്മെന്റ്), ഡോ. ബി. അശോക് (വർക്സ് ആൻഡ് പർച്ചേയ്സ്), ഡോ. വിനീത് ആർ.എസ്. (ഓൺലൈൻ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ്), ഡോ. വി. ലിസി മാത്യു (പരീക്ഷ), ഡോ. കെ. ഉണ്ണികൃഷ്ണൻ (പബ്ലിക്കേഷൻ), ഡോ. ഓമന പി. വി. (ഐ.ടി ആൻഡ് സോഷ്യൽ മീഡിയ) എന്നിവരാണ് പുതിയ സ്ഥിരം സമിതി കൺവീനർമാർ.

### പിഎച്ച്. ഡി. നേടിയവർ

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിന്നും നാദം പി.എസ്. (സൈക്കോളജി), പ്രിയ പി.ആർ. (സംസ്കൃതം വ്യാകരണം), ലയ മാത്യു (സൈക്കോളജി), അഞ്ജു ജെ. (സംസ്കൃതം വേദാന്തം), കീർത്തി മേരി ഫ്രാൻസിസ് (സംസ്കൃതം സാഹിത്യം), കീർത്തന വി.വി. (സംസ്കൃതം ന്യായം), ഷൈജു കെ. (മലയാളം), സൗമ്യ പി.കെ. (ട്രാൻസ്‌ലേഷൻ സ്റ്റഡീസ്), സൗമ്യ ആർ. നായർ (മ്യൂസിക്), ദേവഹർ വി. (സംസ്കൃതം സാഹിത്യം), സ്മിത കെ.പി. (മലയാളം), രാകേഷ് കെ. (ഫിലോസഫി) എന്നിവർക്ക് പിഎച്ച്. ഡി. നൽകുവാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

### പൂർവ്വ വിദ്യാർത്ഥി സംഗമം

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പൂർവ്വ വിദ്യാർത്ഥി സംഗമം (സ്മൃതി മധുരം) ഒക്ടോബർ 25 ന് കാലടി മുഖ്യ കാമ്പസിലുള്ള ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ രാവിലെ 10 മുതൽ വൈകിട്ട് 3 വരെ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു.

## കടമുറി/ഓഫീസ് മുറികൾ വാടകയ്ക്ക്

**കൊച്ചി:** വിശാല കൊച്ചി വികസന അതോറിറ്റിയുടെ കീഴിലുള്ള വിവിധ വാണിജ്യ സമുച്ചയങ്ങളിലെ കടമുറി/ഓഫീസ് മുറികൾ വാടകയ്ക്ക് നൽകുന്നതിന് ടെൻഡർ ക്ഷണിച്ചു. ഒക്ടോബർ 29 ഉച്ചയ്ക്ക് ഒന്നു വരെ ടെൻഡർ സമർപ്പിക്കാം. ഫോൺ -2204261, 2203378

## കലൂർ മാർക്കറ്റിലെ കടമുറികൾ വാടകയ്ക്ക്

**കൊച്ചി:** വിശാല കൊച്ചി വികസന അതോറിറ്റിയുടെ കീഴിലുള്ള, നവീകരിച്ച കലൂർ മാർക്കറ്റിലെ ഒന്നാംനിലയിലെ കടമുറികൾ/ഫുഡ് കോർട്ട് /മിനി സൂപ്പർ മാർക്കറ്റ്, ഗ്രൗണ്ട് ഫ്ലോറിലെ കടമുറികൾ/ഏട്രിയം വാടകയ്ക്ക് നൽകുന്നതിന് ടെൻഡർ ക്ഷണിച്ചു. ഒക്ടോബർ 30 ഉച്ചക്ക് 12 വരെ ടെൻഡർ സമർപ്പിക്കാം. ഫോൺ -2204261, 2203378

## റീ ടെൻഡർ ക്ഷണിച്ചു

വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള പള്ളുരുത്തി ഐസിഡിഎസ് പ്രോജക്ടിലെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി കരാറടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് ഓടിക്കുന്നതിന് താൽപര്യമുള്ള വാഹന ഉടമകളിൽ നിന്നും റീ ടെൻഡർ ക്ഷണിച്ചു. ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തിയതി ഒക്ടോബർ 29 വൈകീട്ട് 3. ഫോൺ - 0484-2237276, 9188959733

## ലോജിസ്റ്റിക്സ് & സപ്ലൈ ചെയിൻ മാനേജ്മെന്റ്

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് റൂട്രോണിക്സിൽ സർട്ടിഫിക്കറ്റോടുകൂടി ഒരു വർഷം, 6 മാസം, 3 മാസം ദൈർഘ്യമുള്ള ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സുകളിൽ തിരുവനന്തപുരം, ആറ്റിങ്ങൽ അംഗീകൃത പഠന കേന്ദ്രങ്ങളിലേക്ക് ഇന്റേൺഷിപ്പോടുകൂടി റെഗുലർ പാർടൈം ബാചുകളിലേക്ക് എസ് എസ് എൽ സി, പ്ലസ് ടു, ഡിഗ്രി പാസ്സായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു ഫോൺ: 7994926081

## ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് വർക്ക്ഷോപ്പ്

**കൊച്ചി:** തിരുവനന്തപുരം മുട്ടടയിൽ പ്രവർത്തിക്കുന്ന ഐ എച്ച് ആർ ഡിയുടെ റീജിയണൽ സെൻററിൽ ഒക്ടോബർ 25ന് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് വർക്ക്ഷോപ്പ് നടത്തുന്നു. താൽപര്യമുള്ളവർ രജിസ്റ്റർ ചെയ്യുക.ഫോൺ: 8547005087, 9495069307,9495384193, 9496395544.

## സെക്യൂരിറ്റി നിയമനം

**കൊച്ചി:** കേരളത്തിലുള്ള കേന്ദ്ര/സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലേക്കും പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും സെക്യൂരിറ്റി സൂപ്പർവൈസർ, സെക്യൂരിറ്റി ഗാർഡ്, മറ്റ് അനുബന്ധ തസ്തികകളിലെ ഒഴിവുകളിലേക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള വിമുക്തഭടന്മാരിൽ നിന്നും അവരുടെ ആശ്രിതരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. www.excom.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി ഡിസംബർ 10 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.1971 ജനുവരി ഒന്നിന് മുമ്പ് ജനിച്ചവരും പ്രോവിഡന്റ് ഫണ്ടിലെ പെൻഷൻ ഫണ്ട് അടക്കം പിൻവലിച്ചിട്ടുള്ള കെക്സ്കോൺ ജീവനക്കാരും അപേക്ഷിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക് കെക്സോൺ, ടി സി -25/838, വിമൽ മന്ദിർ, അമൃത ഹോട്ടലിന് എതിർവശം, തൈക്കാട് പി ഒ തിരുവനന്തപുരം -695014 എന്ന വിലാസത്തിൽ ബന്ധപ്പെടുക.
ഫോൺ -2320771 5

## സീനിയർ റസിഡന്റ് നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ സീനിയർ റസിഡന്റ് (അനസ്തേഷ്യ) തസ്തികയിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു. എംബിബിഎസ്,എംഡി/ഡി എൻ ബി ഇൻ കൺസേൺഡ് ഡിസ്‌സിപ്ലിൻ/ടിസി രജിസ്ട്രേഷൻ എന്നിവയാണ് യോഗ്യത.

താൽപ്പര്യമുള്ളവർ വയസ്സ്, യോഗ്യത. പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ, പകർപ്പ് എന്നിവ സഹിതം നവംബർ ആറ് രാവിലെ 10ന് മെഡിക്കൽ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ നടക്കുന്ന വാക്ക്-ഇൻ -ഇന്റർവ്യൂവിൽ പങ്കെടുക്കണം. അന്നേ ദിവസം 10.00 മുതൽ 10.30 വരെ ആയിരിക്കും രജിസ്ട്രേഷൻ. സർക്കാർ/പൊതുമേഖലാ ആശുപത്രികളിൽ ജോലി ചെയ്തവർക്ക് മുൻഗണന ലഭിക്കും. ഫോൺ:0484-2754000

# പരസ്യകുലപതിക്ക് പ്രണാമം

## പരസ്യലോകത്തിന് കനത്ത നഷ്ടം



ഇന്ത്യൻ പരസ്യലോകത്തെ അതുല്യ പ്രതിഭയായ പിയൂഷ് പാണ്ഡേയുടെ വേർപാട് പരസ്യലോകത്തിന് കനത്ത നഷ്ടമാണ്. തന്റെ സൃഷ്ടിപാരതയിലും മനുഷ്യഹൃദയങ്ങളെ സ്പർശിക്കുന്ന ആഴത്തിലുള്ള സന്ദേശങ്ങളിലുമൂലം അദ്ദേഹം ഇന്ത്യൻ പരസ്യരംഗത്തെ ഒരു പുതിയ ഉയരത്തിലേക്ക് ഉയർത്തി. കഴിഞ്ഞ 25 വർഷമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഒരാളെന്ന നിലയിൽ പിയൂഷ് പാണ്ഡ്യയുടെ പരസ്യങ്ങൾ എന്നെ എന്നും പ്രചോദിപ്പിച്ചവയാണ്. അദ്ദേഹത്തിന്റെ അതുല്യമായ പരസ്യങ്ങൾ ഈ മേഖലയിൽ ഉള്ളവർക്ക് എന്നും എപ്പോഴും ആവേശവും അഭിമാനവുമാണ്. ബ്രാൻഡുകളെ മാത്രമല്ല, ഹൃദയങ്ങളെയും ബന്ധിപ്പിച്ച അദ്ദേഹത്തിന്റെ സൃഷ്ടികൾ എന്നും എക്കാലവും ഓർമക്കപ്പെടും . അദ്ദേഹത്തിന്റെ കുടുംബത്തിനും, പരസ്യ മേഖലക്കും ഈ വേർപാട് ഒരു തീരാ നഷ്ടമാണ്.

**ബിനോ പോൾ, മാനേജിംഗ് ഡയറക്ടർ, ഇൻഫോക്കസ് മീഡിയ സൊലൂഷൻസ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ്**

## പാണ്ഡെയുടെ സൃഷ്ടികൾ സാധാരണക്കാരുടെ മനസിൽ ആഴ്ന്നിറങ്ങിയവ



ഇന്ത്യയിലെ സാധാരണക്കാരുടെ പോലും മനസ്സിലേക്ക് ആഴ്ന്നിറങ്ങിയ പരസ്യ സൃഷ്ടികളായിരുന്നു പീയുഷ് പാണ്ഡേയുടെ സംഭാവനകൾ. പരസ്യം ക്രിയേറ്റിവിറ്റിയാൽ അതിമനോഹരമായി സംവേദിക്കാവുന്ന ഒരു ജനകീയ കലാരൂപമാക്കി മാറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഏറെ അഭിമാനത്തോടെ മാത്രം ഓർക്കാൻ കഴിയുന്ന മഹാ പ്രതിഭക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു

**പ്രദീപ് ഗംഗാധരൻ, മാനേജിംഗ് ഡയറക്ടർ, ബ്രാൻഡ് ഐഡി**

## പീയൂഷ് പാണ്ഡെ പരസ്യരംഗത്തിന്റെ ആത്മാവ്



ഇന്ത്യൻ പരസ്യരംഗത്തിന്റെ ആത്മാവായിരുന്നു പീയുഷ് പാണ്ഡെയുടെ കലാസൃഷ്ടികൾ. ഇന്ത്യാക്കാരുടെ ജീവിതത്തിന്റെ നേർക്കാഴ്ചകളാക്കി മാറ്റിയതായിരുന്നു അദ്ദേഹത്തിന്റെ സൃഷ്ടികൾ. എല്ലാവരെപ്പോലെ തന്നെ ഞാനും അദ്ദേഹത്തിന്റെ സൃഷ്ടികൾ ഹൃദയത്തോട് ചേർത്തു വെച്ചിരിക്കുന്നു. പിയൂഷ് പാണ്ഡെയുടെ നേതൃത്വത്തിൽ ഒഗിൽവി ഇന്ത്യൻ പരസ്യരംഗത്തിന്റെ 'ഫിനിഷിംഗ് സ്കൂൾ' ആയിരുന്നു, അവിടെ നിന്നുള്ള നിരവധി പ്രതിഭകളെ ഞങ്ങളുടെ ഓർഗനൈസേഷനിലേക്ക് തിരഞ്ഞെടുത്തതിൽ അഭിമാനിക്കുന്നു അതിലൂടെ അദ്ദേഹത്തിന്റെ ചിന്തയും ശൈലിയും ഞങ്ങളുടെയുള്ളിലേയ്ക്കും എത്തി. അദ്ദേഹത്തിന്റെ പ്രതിഭാധനമായ കുടുംബത്തിന് എന്റെ ഹൃദയത്തിൽനിന്നുള്ള അനുശോചനം അറിയിക്കുന്നു ഒപ്പം അദ്ദേഹത്തിന്റെ പ്രതിഭയും പ്രചോദനവും ഞങ്ങളുമായി പങ്കുവെച്ചതിനും നന്ദി പറയുന്നു

**രാജു മേനോൻ, മാനേജിംഗ് ഡയറക്ടർ, മൈത്രി അഡ്വർടൈസിംഗ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ്**

## പീയുഷ് പാണ്ഡെ ഹൃദയത്തിൽ ദൈവത്തിന്റെ കൈയൊപ്പുള്ള വ്യക്തി



ഇന്ത്യൻ പരസ്യമേഖലയെ ലോകോത്തരനിലവാരത്തിലേക്ക് കൈപിടിച്ചുയർത്തിയ പീയൂഷ് പാണ്ഡെയുടെ മാത്രമായ തനതുശൈലി പരസ്യമേഖലയിൽ പ്രവർത്തിക്കുന്ന ഞാനടക്കമുള്ള എല്ലാ സഹപ്രവർത്തകർക്കും വലിയ ഒരു ഊർജ്ജമാണ് സമ്മാനിച്ചത്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വിശേഷണങ്ങൾക്കപ്പുറമാണ്. 'ഹൃദയത്തിൽ ദൈവത്തിന്റെ കൈയൊപ്പുള്ളവൻ ' ആ മഹാത്മാവിന്റെ വിയോഗത്തിൽ അതിയായ ദുഃഖം രേഖപ്പെടുത്തുന്നു

**ജെയ്സൺ ആന്റണി, ക്രീയേറ്റീവ് ഡയറക്ടർ, ഫ്യൂസ് പ്രൊഡക്ഷൻ ഹബ്, കൊച്ചി**

## നോ സ്കിപ്പ് ആഡ്... ഗെറ്റ് പ്രീമിയം ആഡ്സ്



സിനിമ ഇടവേളകളിൽ സിനിമയെക്കാൾ ത്രില്ലിൽ പരസ്യങ്ങൾ.സ്കിപ്പ് ആഡ് എന്നത് പീയുഷ് പാണ്ഡെ പരസ്യത്തിന് ബാധകമായിരുന്നില്ല. വിട പറയുന്നത് പരസ്യങ്ങളെ ഇഷ്ടപ്പെടുന്ന പ്രേക്ഷകരെ സൃഷ്ടിച്ച പ്രതിഭ. കൊച്ചിയിൽ അദ്ദേഹം പങ്കെടുത്ത വർക്ക് ഷോപ്പിന്റെ ഭാഗമാകാൻ കഴിഞ്ഞത് ഞാനുൾപ്പെടെയുള്ളവർക്ക് പരസ്യരംഗത്ത് വേറിട്ട് ചിന്തിക്കുവാൻ പ്രചോദനമായി. വീഡിയോ പരസ്യങ്ങൾ പ്രസക്തമായ ഈ കാലഘട്ടത്തിൽ പീയുഷ് പാണ്ഡെയുടെ വിയോഗം ഇന്ത്യൻ പരസ്യലോകത്തിന് നികത്താനാവാത്ത വിടവാണ് സൃഷ്ടിക്കുന്നത്.

**ജീവൻലാൽ രവി, ഫൗണ്ടർ വിരാട് ക്രിയേഷൻസ്**

## പീയുഷ് പാണ്ഡേയുടെ നിര്യാണം അതീവ ദുഖകരം



ഇന്ത്യൻ പരസ്യലോകത്തെ ഇതിഹാസനായ പീയുഷ് പാണ്ഡേയുടെ നിര്യാണവാർത്ത അതീവ ദുഃഖത്തോടെയും വേദനയോടെയും സ്വീകരിക്കുന്നു. ഇന്ത്യൻ പരസ്യരംഗത്തെ മുഖച്ഛായ തന്നെ മാറ്റിമറിച്ച അദ്ദേഹം സൃഷ്ടിച്ച കൃതികൾ, വാക്കുകൾ, ആശയങ്ങൾ ജനഹൃദയങ്ങളിൽ ഒരിക്കലും മായാത്ത അടയാളം പതിപ്പിച്ചു. ഓരോ പരസ്യത്തിലും അദ്ദേഹം കാണിച്ച സൗമ്യത, ഹാസ്യം, മനുഷ്യസ്പർശം, പ്രേക്ഷകരെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തു. 'Har Ghar Kuch Kehta Hai', 'Mile Sur Mera Tumhara', 'Fevikwik,Todo Nahi, Jodo' തുടങ്ങിയ അനവധി ക്യാമ്പയ്നുകൾ അദ്ദേഹത്തിന്റെ സൃഷ്ടിപ്രതിഭയുടെ മഹത്വം തെളിയിക്കുന്നു. പീയുഷ് പാണ്ഡേ ഒരു പരസ്യപ്രവർത്തകനായിരുന്നതിലുപരി, ഭാരതത്തിന്റെ സ്വരവും ആത്മാവും പരസ്യങ്ങളിലൂടെ പകർന്ന കലാകാരനുമായിരുന്നു.അദ്ദേഹത്തിന്റെ പൈതൃകം എന്നും പ്രചോദനമാകട്ടെ.പുതിയ തലമുറ സൃഷ്ടിപ്രതിഭകൾക്ക് ദിശാബോധം നൽകട്ടെ.'ആദരാഞ്ജലികൾ, പീയുഷ് പാണ്ഡേ സാർ.നിങ്ങളുടെ വാക്കുകളും ചിന്തകളും എന്നും നമ്മോടൊപ്പമുണ്ടാകും

**ദിനൽ ആനന്ദ് എം.
സെക്രട്ടറി , കേരള അഡ്വർടൈസിങ് ഏജൻസിസ് അസോസിയേഷൻ (K3A), കോഴിക്കോട് സോൺ, രമണിക കമ്മ്യൂണിക്കേഷൻസ് സി.ഒ ആന്റ് ഫൗണ്ടർ**

## നഷ്ടമായത് പരസ്യരംഗത്തെ ഇതിഹാസം



പരസ്യരംഗത്തെ ഇതിഹാസമായിരുന്നു പിയൂഷ് പാണ്ഡെ. ഒട്ടേറെ ജനപ്രിയ പരസ്യങ്ങളൊരുക്കിയ അതുല്യപ്രതിഭയായിരുന്ന അദ്ദേഹത്തിന്റെ വിയോഗം തീരാനഷ്ടമാണ്. ഇന്ത്യൻ പരസ്യരംഗത്തിന്റെ ആത്മാവായിരുന്നു അദ്ദേഹത്തിന്റെ കലാസൃഷ്ടികൾ. ഇന്ത്യക്കാരുടെ ജീവിതത്തിന്റെ നേർക്കാഴ്ചകളാക്കി മാറ്റിയ അദ്ദേഹത്തിന്റെ സൃഷ്ടികൾക്ക് മുൻപിൽ ഒരിക്കൽക്കൂടി പ്രണാമം അർപ്പിക്കുന്നു.

**സിബി ചാവറ, ചെയർമാൻ, മീഡിയ എക്സ്പ്രഷൻ**

## ഇന്ത്യൻ പരസ്യ ലോകത്തിന്റെ ശബ്ദത്തിന് വിട



ഇന്ത്യൻ പരസ്യലോകത്തിന്റെ ശബ്ദവും ആത്മാവുമായിരുന്ന പിയൂഷ് പാണ്ഡേയുടെ വിയോഗം പരസ്യ കലാലോകത്തിന് വലിയ നഷ്ടമാണെന്ന് ആഡ് ഇന്ത്യ അഡ്വർടൈസിംഗ് സിഇഒ സന്ദീപ് നായർ പറഞ്ഞു. വാക്കുകളിലൂടെയും ദർശനത്തിലൂടെയും കഥപറച്ചിലിനെയും ബ്രാൻഡിംഗിനെയും വികാരങ്ങളെയും പുതിയ അർത്ഥങ്ങളിലേക്ക് ഉയർത്തിയ ഇതിഹാസമായിരുന്നു പീയുഷ് പാണ്ഡെ. അദ്ദേഹത്തിന്റെ ചിന്തകളും സൃഷ്ടികളും പരസ്യരംഗത്തെയും ആശയവിനിമയ ലോകത്തെയും തലമുറകളെ പ്രചോദിപ്പിച്ചും മുന്നോട്ട് നയിച്ചും കൊണ്ടിരിക്കുംമെന്നും അദ്ദേഹത്തിന്റെ സർഗ്ഗാത്മകത എന്നും കാലാതീതമായി നിലനിൽക്കുമെന്നും സന്ദീപ് നായർ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

**സന്ദീപ് നായർ, ആഡ് ഇന്ത്യ അഡ്വർടൈസിംഗ് സിഇഒ**

## ഇന്ത്യൻ പരസ്യലോകത്തെ മാന്ത്രികൻ



ഇന്ത്യൻ പരസ്യമേഖലയിലെ മാന്ത്രികനായിരുന്നു അന്തരിച്ച പീയുഷ് പാണ്ഡെയെന്ന് ജെറിൻ ജെയിംസ് ഫാക്ടോംസ് പറഞ്ഞു. ക്രിയാത്മകതയുടെ മന്ത്രങ്ങൾ ആയുധമാക്കിയ വ്യക്തിയായിരുന്നു പീയുഷ് പാണ്ഡെ അദ്ദേഹത്തിന്റെ വേർപാട് പരസ്യമേഖലയ്ക്ക് തീരാനഷ്ടമാണെന്നും ജെറിൻ ജെയിംസ് പറഞ്ഞു, പരസ്യലോകത്തെ അതികായന് വിട

**ജെറിൻ ജെയിംസ് ഫാക്ടർഎം**

## പീയുഷ് പാണ്ഡെയുടെ വിയോഗം തീരാനഷ്ടം



പിയുഷ് പാണ്ഡേയുടെ വിയോഗം ഭാരതത്തിന്റെ സർഗാത്മക മേഖലക്കുണ്ടായ തീരാനഷ്ടമാണ്. മെട്രോ ഇന്ത്യയുടെ ആംഗലേയപശ്ചാത്തലത്തിൽ വിരാജിച്ചിരുന്ന പരസ്യ മേഖലയെ അദ്ദേഹം ഇന്ത്യയുടെ ആത്മാവുകളായ ഗ്രാമങ്ങളിലേക്കുകൂടി തുറന്നുവിട്ടു. എല്ലാ സൃഷ്ടികളും ഏതെങ്കിലും തരത്തിൽ വികാരങ്ങളെ സ്വാധീനിക്കണം എന്ന് വിശ്വസിച്ചിരുന്നു അദ്ദേഹം കഥകൾ ഏത് ബ്രാൻഡിന്റെ ശബ്ദത്തിൽ പറഞ്ഞാലും, നിസ്സാരമായ നിമിഷങ്ങൾക്കുള്ളിൽ ചിരിപ്പിക്കുകയോ കരയിക്കുകയോ ചെയ്യിക്കണം എന്ന ഏറ്റവും അടിസ്ഥാനപാഠം പഠിപ്പിച്ചു. ആ പാഠങ്ങൾ ഇന്ത്യയിലെ ഓരോ പരസ്യ ചിത്രങ്ങളിലൂടെയും അനശ്വരമായി നിലനിൽകുകയും ചെയ്യും.

**ദിലീപ് നാരായണൻ, ഫൗണ്ടർ ആന്റ് മാനേജിംഗ് ഡയറക്ടർ, ഓർഗാനിക് ബിപിഎസ്**

## പീയൂഷ് പാണ്ഡെ ഇന്ത്യൻ പരസ്യമേഖലയ്ക്ക് പുതിയ മാനം നൽകിയ വ്യക്തി

പാശ്ചാത്യ പരസ്യ മാതൃകകളുടെ പ്രതിധ്വനിയായി മാറാതെ, ഇന്ത്യൻ പരസ്യങ്ങൾക്ക് അതിന്റെ സ്വത്വത്തിൽ ഊന്നിയ ശബ്ദവും ഉച്ചാരണവും നൽകിയ വ്യക്തിയായിട്ടാണ് പീയൂഷ് പാണ്ഡെയെ കണക്കാക്കുന്നത്. തന്റെ പേരിന്റെയും ദർശനത്തിന്റെയും പര്യായമായി മാറിയ ഏജൻസിയായ ഒഗിൽവി ഇന്ത്യയിൽ നാല് പതിറ്റാണ്ടിലേറെ ചെലവഴിച്ചു.
കോർപ്പറേറ്റ് ബോർഡ് റൂമുകളിലെ ബ്രീഫുകളിൽ നിന്നും അഡ്വെർടൈസിങ് കാമ്പയിനുകൾ സൃഷ്ടിക്കപ്പെടുന്ന പാരമ്പര്യത്തിൽ നിന്നും തെരുവുകളിലെ സാധാരണ ഉപഭോക്താക്കളുടെ ശബ്ദമായി പരസ്യങ്ങൾ മാറിയ ഒരു യുഗത്തിനാണ് അദ്ദേഹത്തിന്റെ വിയോഗം തിരശ്ശീല വീഴ്ത്തുന്നത്. തന്റെ ഐക്കണിക് മീശയ്ക്കും സാധാരണ മനുഷ്യരുടെ ദൈനംദിന ജീവിതത്തിൽ വേരൂന്നിയ കഥകളോടുള്ള ആഴമായ സ്നേഹത്തിനും പേരുകേട്ട പീയുഷ് പാണ്ഡെ, ബ്രാൻഡുകൾ ആളുകളോട് സംസാരിക്കുന്ന രീതിയെ പുനർനിർമ്മിച്ചു. പെപ്പർ ട്രസ്റ്റിലും അദ്ദേഹത്തിന്റെ സാന്നിധ്യം ഉണ്ടായിട്ടുണ്ടല്ലോ. അതിന്റെ ഓർമ്മകൾ അയവിറക്കിക്കൊണ്ട് പീയുഷ് പാണ്ഡെയുടെ വിയോഗം തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുന്നിൽ ശിരസ് നമിക്കുന്നു.

**കെ വേണുഗോപാൽ, ചെയർമാൻ, പെപ്പർട്രസ്റ്റ്**

## പീയൂഷ് പാണ്ഡെ തലമുറകളെ പ്രചോദിപ്പിച്ച വ്യക്തിത്വം



പീയുഷ് പാണ്ഡെയുടെ വിയോഗത്തോടെ പരസ്യ ലോകത്തിന് അതിന്റെ ഏറ്റവും തിളക്കമുള്ള മനസ്സുകളിൽ ഒരാളെ നഷ്ടപ്പെട്ടിരിക്കുകയാണ്. പീയൂഷ് പാണ്ഡെ പരസ്യലേഖകൻ എന്നതിലും അപ്പുറമുള്ള വ്യക്തിത്വമായിരുന്നു. അദ്ദേഹത്തിന്റെ പാരമ്പര്യം തലമുറകളുടെ സ്രഷ്ടാക്കളെയും സ്വപ്നജീവികളെയും പ്രചോദിപ്പിക്കുന്നത് ഇനിയും തുടരുകയും അദ്ദേഹത്തിന്റെ ആശയങ്ങൾ എന്നേക്കും നിലനിൽക്കുകയും ചെയ്യും.

**സുനിൽ കാത്തെ, കാത്തെ മാർക്കറ്റിംഗ് ആന്റ് അഡ്വർടൈസിംഗ്**

## ഇന്ത്യൻ പരസ്യകലയ്ക്ക് ഊർജ്ജവും ആത്മാവും നൽകിയ വ്യക്തി



ഇന്ത്യൻ പരസ്യകലയ്ക്ക് ഊർജ്ജവും ആത്മാവും പകർന്ന് നൽകിയ അതികായനായ പീയൂഷ് പാണ്ഡെയുടെ വിയോഗം ഇന്ത്യൻ കലാ ലോകത്തിന് തീരാനഷ്ടമാണ് സമ്മാനിച്ചിരിക്കുന്നത്. പത്മശ്രീ പുരസ്കാരം നേടിയ, ഒരു ഇതിഹാസമായി വാഴ്ത്തപ്പെട്ട, കഥാകഥനത്തിലെ അനിഷേധ്യനായ മാസ്റ്ററായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വാക്കുകളാണ് ബ്രാൻഡുകൾക്ക് രൂപം നൽകിയതും കാഴ്ചക്കാരുടെ ഹൃദയങ്ങളിൽ ആഴത്തിൽ സ്പർശിച്ചതും. അദ്ദേഹം പകർന്നുനൽകിയ ഓരോ കഥയിലും, പ്രചോദിപ്പിച്ച ഓരോ ജീവിതത്തിലും പീയൂഷ് പാണ്ഡെയുടെ അതുല്യമായ വൈഭവം ഒരു പൈതൃകമായി എന്നും നിലനിൽക്കും.

**യു. എസ്. കുട്ടി, സി.ഇ.ഒ. & ഡയറക്ടർ കോം വെർട്ടിക്ക, ദി പി.ആർ പീപ്പിൾ**

## പീയുഷ് പാണ്ഡെ ഹൃദയങ്ങളെ സ്പർശിച്ച വ്യക്തി



ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും മുഖേന അനവധി ഹൃദയങ്ങളെ സ്പർശിച്ച മഹാനായ മനുഷ്യനായിരുന്നു പിയുഷ് പാണ്ഡേ. അസാമാന്യമായ സൃഷ്ടിപരമായ കഴിവുകൾകൊണ്ട് നിരവധി ബ്രാൻഡുകൾക്ക് വീടുകളിലേക്കും മനസ്സുകളിലേക്കും കടന്നുചെല്ലാനുള്ള വഴി അദ്ദേഹം തെളിച്ചു. അദ്ദേഹത്തിന്റെ സൃഷ്ടികൾക്കു പിന്നിലെ സമർപ്പണവും അതിലെ ഹൃദയസ്പർശിയായ വ്യക്തിപരമായ സ്പർശവും അദ്ദേഹത്തെ എന്നും അതുല്യനാക്കി.
അദ്ദേഹം രൂപകൽപ്പന ചെയ്ത ആശയങ്ങൾ അനേകം ബ്രാൻഡുകൾക്ക് വളർച്ചയും വിപണിയിൽ മുൻപന്തിയിലെ സ്ഥാനവും നേടി കൊടുത്തു. വിജയകഥകളിലൂടെ അനവധി ബ്രാൻഡുകൾ അദ്ദേഹത്തെ എന്നും ഓർക്കും.

**കെ.വി കൃഷ്ണകുമാർ, മാനേജിംഗ് പാർടണർ, ലീഡ്സ് അഡ്വർടൈസിംഗ്**

# യൂറോപ്പിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ഗവ. സൈബർപാർക്കിലെ വാറ്റിൽകോർപ്പ്



**കോഴിക്കോട്:** ഗവ. സൈബർപാർക്കിൽ പ്രവർത്തിക്കുന്ന സൈബർ സുരക്ഷാ രംഗത്തെ പ്രമുഖ കമ്പനിയായ വാറ്റിൽകോർപ്പും യുകെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐടി ഡെവ് ഓപ്സ് സേവനദാതാക്കളായ യുറോലൈം ടെക്നോളജീസും ധാരണാപത്രം ഒപ്പുവെച്ചു. മിഡിൽ ഈസ്റ്റിലും യൂറോപ്പിലുമായി സൈബർ സുരക്ഷാ, ഐ.ടി. സേവനങ്ങൾ വിപുലീകരിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് സഹകരണം. സൈബർപാർക്കിലെ കമ്പനികൾ മികച്ച രീതിയിൽ പ്രവർത്തിക്കുന്നതിനോടൊപ്പം അന്താരാഷ്ട്ര രംഗത്ത് വാണിജ്യപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നത് അഭിമാനാർഹമായ കാര്യമാണെന്ന് ഗവ. സൈബർപാർക്ക് സിഇഒ വിവേക് നായർ പറഞ്ഞു. സൈബർ സുരക്ഷാ മാനദണ്ഡങ്ങൾ, ഐ.ടി. സേവനങ്ങൾ, ഡെവ് ഓപ്സ് എന്നിവ സമന്വയിപ്പിക്കുന്നതിലൂടെ, സോഫ്റ്റ് വെയർ വികസനം, ക്ലൗഡ് സേവനങ്ങൾ, ഐ.ടി മാനേജ്മന്റ് സേവനങ്ങൾ തുടങ്ങിയ മേഖലകളിൽ സാങ്കേതിക, സൈബർ സുരക്ഷാ വൈദഗ്ധ്യം വർദ്ധിപ്പിക്കാൻ ധാരണാപത്രത്തിലൂടെ സഹായിക്കുമെന്ന് വാറ്റിൽകോർപ്പ് സിഇഒ സുഹൈർ ഇളമ്പിലാശേരി ചൂണ്ടിക്കാട്ടി. മിഡിൽ ഈസ്റ്റിലെയും യൂറോപ്യൻ യൂണിയനിലെയും സൈബർ സുരക്ഷാ, ഐ.ടി. വിപണികളിൽ വിപുലീകരിച്ച സേവനങ്ങൾ നൽകാനും സാധിക്കും. യൂറോപ്യൻ യൂണിയനിലെ ബിസിനസ്സുകളുമായി പങ്കാളിത്തം സ്ഥാപിക്കാൻ ലഭിച്ച മികച്ച അവസരമാണെന്നും അദ്ദേഹം പറഞ്ഞു. ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഉപഭോക്താക്കൾ, സൈബർ സുരക്ഷ, ഐ.ടി. മേഖലകളിലെ ബിസിനസ് വികസനം തുടങ്ങി ഉപഭോക്താക്കൾക്ക് വിപുലമായ സേവന സാധ്യതകൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് യുറോലൈം ടെക്നോളജീസ് സി.ഇ.ഒ. അഭിലാഷ് സുഭാഷ് പറഞ്ഞു. ഗൾഫ് മേഖലയിലെ മാർക്കറ്റിംഗ്, പ്രമോഷൻ പ്രവർത്തനങ്ങൾ, ഉപഭോക്താക്കളുമായി ബന്ധപ്പെട്ടുള്ള ബിസിനസ് അവസരങ്ങൾ മെച്ചപ്പെടുത്തൽ, യൂറോപ്പിലെ പങ്കാളിത്തവും സേവന പ്രോത്സാഹനവും തുടങ്ങിയ പൊതുവായ ഉത്തരവാദിത്തങ്ങൾ എന്നിവ ഈ സഹകരണത്തിലൂടെ ഇരുകമ്പനികളും ഒരുമിച്ച് കൈകാര്യം ചെയ്യും.

# ഉജ്ജീവൻ മൊബൈൽ ബാങ്കിങ് ആപ്പ് പ്രിയങ്കരമാകുന്നു

ujjivan
UJJIVAN SMALL FINANCE BANK
Build a Better Life

**കൊച്ചി:** ഉജ്ജീവൻ ബാങ്കിന്റെ മൈക്രോ ബാങ്കിങ് ഉപഭോക്താക്കൾക്കായുള്ള പ്രത്യേക മൊബൈൽ ബാങ്കിങ് സംവിധാനമായ ഹലോ ഉജ്ജീവൻ ആപ്പ് പുറത്തിറക്കിയ ശേഷം ഇതുവരെ 690 കോടി രൂപയിലേറെ വരുന്ന സമ്പത്തിക ഇടപാടുകൾക്ക് അവസരമൊരുക്കി. ഗ്രൂപ്പ് ആയും വ്യക്തിഗതമായുമുള്ള മൈക്രോ ഫിനാൻസ് ഉപഭോക്താക്കൾക്കായുള്ള ഇത് ഉപയോഗിക്കുന്നവരിൽ ഭൂരിഭാഗം പേരും ആദ്യമായി ഡിജിറ്റൽ ബാങ്കിങ് പ്രയോജനപ്പെടുത്തുന്നവരാണ്. ഹലോ ഉജ്ജീവൻ 13 ലക്ഷത്തിലേറെ ഡൗൺലോഡുകളുമായി മൈക്രോ ബാങ്കിങ് ഉപഭോക്താക്കൾക്കിടയിൽ വലിയ ചലനമാണുണ്ടാക്കുന്നതെന്ന് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് മൈക്രോ ബാങ്കിങ് ആന്റ് ഗോൾഡ് ലോൺ മേധാവി വിഭാസ് ചന്ദ്ര പറഞ്ഞു. ശരാശരി 35 വയസുപ്രായമുള്ള വനിതകളാണ് ഇവരിൽ 98 ശതമാനവും. ഈ ആപ്പ് വഴി 277 കോടി രൂപയുടെ വായ്പാ തിരിച്ചടവു നടന്നിട്ടുണ്ട്.

സ്ഥിര നിക്ഷേപങ്ങളും റെക്കറിങ് നിക്ഷേപങ്ങളും വഴി 358 കോടി രൂപയുടെ നിക്ഷേപങ്ങളും ഇതിലൂടെ നടന്നു. 34 കോടി രൂപയുടെ വ്യക്തിഗത വായ്പാ വിതരണവും 2.4 കോടി രൂപ മൂല്യം വരുന്ന 36,000 ഹോസ്പികെയർ ഇൻഷൂറൻസ് വാങ്ങലുകളും ഇതിലൂടെ നടന്നു. ഇതിനു പുറമെ അഞ്ചു ലക്ഷം വായ്പാ വിതരണങ്ങൾ ഇതിലൂടെ ഡിജിറ്റലായി അക്നോളജ് ചെയ്യുകയുമുണ്ടായി.

തങ്ങളുടെ മൈക്രോ ഫിനാൻസ് ഉപഭോക്താക്കളുടെ യഥാർത്ഥ സാമ്പത്തിക ശാക്തീകരണമാണ് ഹലോ ഉജ്ജീവൻ സ്വീകരിക്കപ്പെടുന്നതിലൂടെ ദൃശ്യമാകുന്നതെന്നും വിഭാസ് ചന്ദ്ര പറഞ്ഞു.

# ജിഎസ്ടി നേട്ടങ്ങൾ പൂർണമായി നൽകി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്

**കൊച്ചി:** ഇൻഷുറൻസ് പോളിസികളിലെ ജിഎസ്ടി ഇളവ് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് പൂർണമായും ഉപഭോക്താക്കൾക്കു ലഭ്യമാക്കി. ഇൻഷുറൻസ് പോളിസികളിൽ 18 ശതമാനം ജിഎസ്ടി ഉണ്ടായിരുന്നതാണ് പൂർണമായി ഒഴിവാക്കിയത്. ഓരോ ഇന്ത്യൻ കുടുംബത്തിനും ഇൻഷുറൻസ് താങ്ങാനാവുന്നതും ലഭ്യമാകുന്നതുമായ നിലയാണ് ഇതിലൂടെ ഉണ്ടായിട്ടുള്ളത്.

30 വയസുള്ള പുകവലിക്കാത്ത പുരുഷൻ ഒരു കോടി രൂപയുടെ 30 വർഷ ടേം പോളിസിയിൽ ജിഎസ്ടി അടക്കം 825 രൂപ പ്രതിമാസ പ്രീമിയം നൽകേണ്ടിയിരുന്നത് ഇപ്പോൾ 699 രൂപയായി കുറഞ്ഞു. ഇതേ പ്രായത്തിലുള്ള വനിതകൾക്ക് 697 രൂപ പ്രതിമാസം നൽകേണ്ടിയിരുന്നത് 594 രൂപയായും കുറഞ്ഞിട്ടുണ്ട്.

ഉപഭോക്താക്കൾക്കു വേണ്ടി ശരിയായ കാര്യങ്ങൾ ചെയ്യുന്നതിലാണ് യഥാർത്ഥ മൂല്യമുള്ളതെന്നും പരിരക്ഷയുടെ കാര്യത്തിൽ രാജ്യത്തുള്ള അപര്യാപ്തത ഒഴിവാക്കാനുള്ള കമ്പനിയുടെ നിലവിലെ നീക്കങ്ങളുമായി ഒത്തു പോകുന്നതു കൂടിയാണിതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് പ്രൊഡക്ട് ഓഫിസർ വികാസ് ഗുപ്ത പറഞ്ഞു.



# വിവാഹിതരായി

**തൃശൂർ:** ഐ.സി.എൽ ഫിൻകോർപ്പിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറും, ഇൻഡോ ക്യൂബൻ ട്രേഡ് കമ്മീഷണറും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളുടെ ഗുഡ്‌വിൽ അംബാസഡറുമായ അഡ്വ. കെ.ജി അനിൽകുമാറിന്റെയും ഐ.സി.എൽ ഫിൻകോർപ്പിന്റെ ഹോൾടൈം ഡയറക്ടറും സിഇഒ യുമായ ഉമ അനിൽകുമാറിന്റെയും മകനും ഐ.സി.എൽ ഇന്റർനാഷണൽ ഓപ്പറേഷൻസ് ഡയറക്ടറുമായ അമൽജിത് എ.മേനോനും ചങ്ങനാശ്ശേരി ടി. എസ് ഗോപകുമാറിന്റെയും ഷിനി ഗോപകുമാറിന്റെയും മകൾ ഗായത്രി ഗോപകുമാറും ഗുരുവായൂർ ക്ഷേത്രത്തിൽ വിവാഹിതരായി. തുടർന്ന് തൃശൂർ ലുലു കൺവെൻഷൻ സെന്ററിലെ ഹയാത്ത് റീജൻസിയിൽ നടന്ന വിവാഹാനന്തര ചടങ്ങുകളിൽ മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, എം.എൽ. എമാർ, കലാ, സാംസ്കാരിക മേഖലയിലെ പ്രമുഖർ ഉൾപ്പെടെ പങ്കെടുത്തു.



# ഡോക്യുഫിലിം പ്രകാശനം ചെയ്തു

**കൊച്ചി:** സനു സത്യൻ രചനയും സംവിധാനവും നിർവ്വഹിച്ച് ഭാരത് തരംഗും ആപ്ത ഭാരതി ഫൗണ്ടേഷനും ചേർന്ന് നിർമ്മിച്ച 'ബുൾബുൾ തരംഗ്, ദി ഭാരത് തരംഗ്' എന്ന ഡോക്യു ഫിലിമിന്റെ പ്രകാശനം ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് നിർവഹിച്ചു. ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം സാരഥികളായ പി പ്രകാശ്, രവി കുമാർ ടി ജി, സനൽ പോറ്റി, ഉല്ലാസ് പൊന്നാടി എന്നിവർ പങ്കെടുത്തു. ഇന്ത്യയുടെ ഗതകാല പ്രൗഢിയുടെ തന്ത്രിവാദ്യമായ ബുൾബുൾ തരംഗ് എന്ന സംഗീതോപകരണത്തിനുള്ള സമർപ്പണമായി സനു സത്യൻ തയ്യാറാക്കിയ ഡോക്യുഫിലിം സനൽ പോറ്റിയും ഉല്ലാസ് പൊന്നാടിയും ചേർന്നാണ് അവതരിപ്പിക്കുന്നത്. അനീഷ് സ്വാതിയാണ് എഡിറ്റിംഗ്.



# മാറ്റം സൃഷ്ടിക്കുന്ന നേതൃത്വമാണ് ആവശ്യം: ഡോ. ബീന ഫിലിപ്പ്

**കോഴിക്കോട്:** മാറ്റം സൃഷ്ടിക്കുന്ന നേതൃത്വമാണ് സമൂഹത്തിന് ആവശ്യമെന്ന് കോഴിക്കോട് മേയർ ഡോ. ബീന ഫിലിപ്പ് പറഞ്ഞു. റാവിസ് കടവിൽ നടക്കുന്ന ദ്വിദിന ഐ ഇ ഇ ഇ വനിതാ ഇന്റർനാഷണൽ ലീഡർഷിപ്പ് സമ്മിറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മേയർ.

മാറ്റങ്ങളുണ്ടാക്കുന്നതിൽ വനിതകൾക്ക് വലിയ പങ്ക് വഹിക്കാനാവും. വനിതാ അധ്യാപകർക്ക് സമൂഹത്തെ മാറ്റി മറിക്കുന്നതിൽ വലിയ പങ്കുണ്ടെന്നും അവർ ചൂണ്ടിക്കാട്ടി. ദീർഘദൃഷ്ടിയോടെയുള്ള പ്രവർത്തനങ്ങളും നൂതന ആശയങ്ങളുമാണ് സമൂഹമാറ്റത്തിന്റെ അടിത്തറയെന്നും അവർ വിശദമാക്കി.

ഐ ഇ ഇ ഇ കേരള സെക്ഷൻ ചെയർമാൻ ഡോ. ബി എസ് മനോജ് അധ്യക്ഷത വഹിച്ചു. സെക്ഷന്റെ വിതരണാധിഷ്ഠിത നേതൃത്വത്തിലൂടെ ആഗോള വ്യാപനവും സാങ്കേതിക പുരോഗതിയും ലക്ഷ്യമാക്കുന്ന തന്ത്രപരമായ രീതിയെ കുറിച്ച് അദ്ദേഹം സംസാരിച്ചു. 2019ലെ നാരിശക്തി പുരസ്ക്കാര ജേത്രി ഡോ. സീമ എ, എയർ ഇന്ത്യ സീനിയർ കമാന്റർ സാഭിയ മരിക്കാർ, സർട്ടിഫൈഡ് ഫിനാൻഷ്യൽ പ്ലാനർ ഉത്തര രാമകൃഷ്ണൻ എന്നിവർ പ്രഭാഷണം നടത്തി.

# സി.ഐ.ഐ കേരള: അന്താരാഷ്ട്ര കോൺഫറൻസും പ്രദർശനവും കൊച്ചിയിൽ




**കൊച്ചി:** കേരളത്തെ ലോകത്തിനു മുന്നിൽ ഒരു സമ്പൂർണ്ണ ഹെൽത്ത് കെയർ കേന്ദ്രമായി അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി ഐ ഐ) കേരള, ഏഴാമത് ഗ്ലോബൽ ആയുർവേദ സമ്മിറ്റ് & എക്സ്പോയും പന്ത്രണ്ടാമത് കേരള ഹെൽത്ത് ടൂറിസം – അന്താരാഷ്ട്ര കോൺഫറൻസും പ്രദർശനവും സംഘടിപ്പിക്കുന്നു. ഒക്ടോബർ 30, 31 തീയതികളിൽ അങ്കമാലിയിലെ അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലാണ് പരിപാടി. രണ്ട് ദിവസങ്ങളിലായി നടക്കുന്ന ഈ സമ്മേളനങ്ങളിൽ 16 രാജ്യങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര പ്രതിനിധികൾ പങ്കെടുക്കും. മെഡിക്കൽ വാല്യൂ ടൂറിസത്തിനും ഹോളിസ്റ്റിക് വെൽനസ്സിനുമുള്ള ലോകോത്തര കേന്ദ്രമായി കേരളത്തെ ഉയർത്തിക്കാട്ടാനും അതുവഴി ഈ മേഖലയ്ക്ക് കൂടുതൽ ഉണർവ് നൽകാനുമാണ്  പരിപാടി ലക്ഷ്യമിടുന്നത്. സി.ഐ.എ കേരളയുടെ ആയുർവേദ, ഹെൽത്ത് കെയർ പാനലുകളാണ് ഉച്ചകോടികൾക്ക് നേതൃത്വം നൽകുന്നത്. കേന്ദ്ര ആയുഷ് മന്ത്രാലയം, കേരള സർക്കാർ ടൂറിസം, ആരോഗ്യം, വ്യവസായം വകുപ്പുകൾ എന്നിവയുടെ പിന്തുണയും സഹകരണവും ഈ ഉദ്യമത്തിനുണ്ട്. ഗ്ലോബൽ ആയുർവേദ സമ്മിറ്റ് ആയുർവേദ മേഖലയ്ക്ക് വളർച്ചാ പ്രചോദനം നൽകുന്ന വേദിയാകുമ്പോൾ, കേരള ഹെൽത്ത് ടൂറിസം സമ്മിറ്റ് ലോകമെമ്പാടുമുള്ള ആരോഗ്യ പരിപാലന ദാതാക്കൾക്കും വ്യവസായ പ്രമുഖർക്കും ഒത്തുചേരാനും കേരളത്തെ മെഡിക്കൽ ടൂറിസത്തിന്റെ ആഗോള കേന്ദ്രമായി പ്രദർശിപ്പിക്കാനും അവസരം ഒരുക്കും. ഒമാൻ, ബംഗ്ലാദേശ്, ശ്രീലങ്ക, ഉസ്ബെക്കിസ്ഥാൻ, മൊറോക്കോ, ടാൻസാനിയ, എത്യോപ്യ, വിയറ്റ്നാം, സൗദി അറേബ്യ, ഓസ്ട്രേലിയ ഉൾപ്പെടെ 16 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുക്കുകയും ബിസിനസ് ടു ബിസിനസ് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്യും. പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി. എ. മുഹമ്മദ് റിയാസ്, നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി പി. രാജീവ് എന്നിവർ ചേർന്ന് സമ്മേളനങ്ങളും പ്രദർശനവും ഉദ്ഘാടനം ചെയ്യും. കേന്ദ്ര ആയുഷ് സെക്രട്ടറി രാജേഷ് കോട്ടേച്ച ഐ.എ.എസ് ചടങ്ങിൽ പങ്കെടുക്കും. മികച്ച ആരോഗ്യ സേവനങ്ങളെയും മെഡിക്കൽ മൂല്യ ടൂറിസത്തിലെ നേട്ടങ്ങളെയും ആദരിക്കുന്നതിനായി സിഐഐ കേരള ഹെൽത്ത് ആന്റ് മെഡിക്കൽ ടൂറിസം അവാർഡുകളും ഇതിന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുണ്ട്.ആയുർവേദ, ആരോഗ്യ പരിപാലന മേഖലകളിലെ 70-ൽ അധികം പ്രദർശകർ പങ്കെടുക്കുന്ന പ്രദർശനവും സമ്മിറ്റിനോടനുബന്ധിച്ച് ഉണ്ടാകും. ഏകദേശം 600-ൽ അധികം പ്രതിനിധികളും 3000-ത്തിലധികം ബിസിനസ് സന്ദർശകരും  രണ്ട് ദിവസത്തെ പരിപാടിയിൽ പങ്കെടുക്കുമെന്ന് സംഘാടകർ അറിയിച്ചു. വി.കെ.സി. റസാക്ക് (ചെയർമാൻ, സി ഐ ഐ കേരള), ഡോ. പി. എം. വാരിയർ (കൺവീനർ, സി ഐ ഐ  കേരള ആയുർവേദ പാനൽ), ഡോ. സജി കുമാർ (മുൻ ചെയർമാൻ, സി ഐ ഐ  കേരള), ഡോ. പി. വി. ലൂയിസ് (കൺവീനർ, സി ഐ ഐ കേരള ഹെൽത്ത് കെയർ പാനൽ), ഡോ. നളന്ദ ജയദേവ് (കോ-കൺവീനർ, സി ഐ ഐ  കേരള ഹെൽത്ത് കെയർ പാനൽ) എന്നിവർ സംബന്ധിച്ചു.

# സൗജന്യമെഡിക്കൽ ക്യാമ്പുകളുയമായി ഐ.എച്ച്.കെ

**കൊച്ചി:** ദി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഹോമിയോപത്സ് കേരള (ഐ.എച്ച്.കെ) സമഗ്രം എന്ന പേരിൽ സംസ്ഥാന വ്യാപകമായി സൗജന്യ ഹോമിയോപ്പതി മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ ബോധവൽക്കരണ ക്ലാസും സംഘടിപ്പിക്കും.

നല്ല നാളേയ്ക്ക് ആരോഗ്യകരമായ പാർശ്വഫല രഹിതമായ ഒരു ചുവട് വെയ്പ്പ് എന്ന സന്ദേശത്തോടെ നടത്തുന്ന പരിപാടിയുടെ  സംസ്ഥാനതല ഉദ്ഘാടനം 26ന് രാവിലെ 10ന് എറണാകുളം പനങ്ങാട് ജിവിഎച്ച്എസ് സ്കൂളിൽ നടക്കുന്ന സമ്മേളനത്തിൽ മുൻ അംബാസിഡർ വേണു രാജാമണി  നിർവഹിക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ഐഎച്ച്കെ സംസ്ഥാന പ്രസിഡന്റ് കൊച്ചുറാണി  വർഗീസ് മുഖ്യാതിഥിയാകും. സംസ്ഥാനതലത്തിൽ  75 യൂണിറ്റുകളും  14 ജില്ലകളും സൗജന്യഹോമിയോപതി മെഡിക്കൽ ക്യാമ്പും മൂന്നു തവണ സൗജന്യ തുടർചികിൽസയും നൽകുന്ന പദ്ധതിയാണ് സമഗ്രമെന്നും ഭാരവാഹികൾ വ്യക്തമാക്കി. ഐ.എച്ച്.കെ സംസ്ഥാന  വൈസ് പ്രസിഡന്റ് ഡോ.ഹരീഷ് കുമാർ, ഡോ. എസ്.സൗമ്യ, ഡോ.സുമത, ഡോ.ഫിലിപസൺ  ഐപ്പ് എന്നിവർ വാർത്താ സമ്മേളനത്തിൽ  പങ്കെടുത്തു.

# സ്വർണത്തിന്റെ ജി.എസ്.ടി കുറയ്ക്കണം : ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ് അസോസിയേഷൻ




തൃശൂർ ടൗൺ ഗോൾഡ് ആൻഡ് സിൽവർ മെർച്ചന്റ് അസോസിയേഷൻ വാർഷിക പൊതുയോഗം ഗോൾഡ് ആൻഡ് സിൽവർ മെർച്ചന്റ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ. എം ജലീൽ ഉദ്ഘാടനം ചെയ്യുന്നു

**കൊച്ചി:** സ്വർണത്തിന്റെ ജി.എസ്.ടി  മൂന്ന് ശതമാനത്തിൽനിന്ന് ഒരു ശതമാനമായി കുറയ്ക്കണമെന്ന്  തൃശൂർ ടൗൺ ഗോൾഡ് ആൻഡ് സിൽവർ മെർച്ചന്റ് അസോസിയേഷൻ വാർഷിക പൊതുയോഗം ആവശ്യപ്പെട്ടു .2017 ൽ ജിഎസ്ടി നടപ്പാക്കിയ സമയത്ത് സ്വർണവില ഗ്രാമിന് 3000 രൂപയായിരുന്നു. ഇന്ന് ഗ്രാമിന് 12,000 രൂപയായി ഉയർന്നു. സ്വർണ്ണത്തിന്റെ ജിഎസ്ടി 3 ശതമാനമാണ്. ഇത് സ്വർണ്ണ ഉപഭോക്താക്കളൾക്ക് വൻ ഭാരമാണ് ഏൽപ്പിക്കുന്നത്. സ്വർണ്ണത്തിന്റെ ജിഎസ്ടി 3 ശതമാനത്തിൽ നിന്നും ഒരു ശതമാനമായി കുറച്ചാൽ ഉപഭോക്താക്കൾക്ക് അധികഭാരം പേറേണ്ടി വരികയുമില്ല സർക്കാരിന് വരുമാന നഷ്ടവും ഉണ്ടാകുന്നുമില്ലെന്നും  അസ്സോസിയേഷന്റെ വാർഷിക യോഗം വിലയിരുത്തി. അസ്സോസിയേഷൻ തൃശൂർ ജില്ലാ പ്രസിഡന്റ് പി.എം. തോമസ് അധ്യക്ഷത വഹിച്ച യോഗം സംസ്ഥാന ജനറൽ സെക്രട്ടറി കെ. എം ജലീൽ ഉദ്ഘാടനം ചെയ്തു.  സംസ്ഥാന വർക്കിംഗ് സെക്രട്ടറി ജോയ് പഴേമഠം, ആന്റോ ചാലിശ്ശേരി തുടങ്ങിയവർ പ്രസംഗിച്ചു  ഓഡിറ്റർ സതീഷ് ജിഎസ്ടി സംബന്ധിച്ച് ക്ലാസ്സ് എടുത്തു.

# ശ്രീസുധീന്ദ്ര ആശുപത്രിയിൽ സൗജന്യ വെരിക്കോസ് ക്യാമ്പ്

**കൊച്ചി:** എറണാകുളം ശ്രീസുധീന്ദ്ര ആശുപത്രിയിൽ ഡോ. ഷാഹിം ഷാനവാസന്റെ നേതൃത്വത്തിൽ സൗജന്യ വെരിക്കോസ് ക്യാമ്പ് നവംബർ 3 മുതൽ 8 വരെ നടക്കും.

പരിശോധനകളും  ശസ്ത്രക്രിയ ആവശ്യമുള്ളവർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0484-4077400, 4077455, 7025350481 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com